# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.15 | No.2 | കാർത്തികപ്പള്ളി | R.No. 7361/02

2015 FEBRUARY

e-paper : vedabhimani


## സ്വപ്നവും പകർത്താം

സ്വപ്നങ്ങൾ കമ്പ്യൂട്ടറിലേക്കു പകർത്തണോ? 10,000 രൂപ മുടക്കിയാൽ മതി. ന്യൂറോ സ്കൈ എന്ന സ്ഥാപനമാണു തലച്ചോറിലെ തരംഗങ്ങൾ കമ്പ്യൂട്ടറിൽ



പകർത്താനുള്ള സംവിധാനത്തിനു പിന്നിൽ. മൊബൈൽ ഫോണുമായി ബന്ധിപ്പിച്ചും ന്യൂറോ സ്കൈ പുറത്തിറക്കിയ ഹെഡ്സെറ്റ് പ്രവർത്തിപ്പിക്കാം. പുതിയ സാങ്കേതിക വിദ്യ വിപ്ലവം സൃഷ്ടിക്കുമെന്നാണു പ്രതീക്ഷ. തലച്ചോറിലെ തരംഗങ്ങൾ പകർത്താനുള്ള ഹെഡ്സെറ്റിന്റെ കഴിവാണു ന്യൂറോ സ്കൈ പുറത്തുവിട്ട ഉപകരണത്തെ വ്യത്യസ്തമാക്കുന്നത്. അബോധ മനസിലുള്ളതു പോലും ഇങ്ങനെ വേർതിരിക്കാമത്രേ.

ഇവ കമ്പ്യൂട്ടർ/മൊബൈൽ ഫോൺ സഹായത്തോടെ വിശകലനം ചെയ്യാനാകും. സ്വപ്നങ്ങൾ ചെറിയ തോതിലെങ്കിലും പകർത്താൻ ഈ സംവിധാനത്തിനു കഴിയും.

## ഭൂമിയിലെ നരകം

തടാകത്തോളം വലിയ ഒരു തീക്കുണ്ഡം; എപ്പോഴും തീയാളിക്കൊണ്ടിരിക്കുന്ന അതിനടുത്തേക്ക് ചെന്നാൽ ഏതു ധൈര്യശാലിയുടേയും നെഞ്ചൊന്ന് പിടയ്ക്കും. കാലൊന്ന് തെന്നുകയോ ചൂടത്ത് തളർന്ന് വീഴുകയോ ചെയ്താൽ...ഹൊ! അക്കാര്യം ആലോചിക്കാനേ വയ്യ! നിലയില്ലാത്ത ആഴത്തിൽ വാതകവും ലോഹാംശങ്ങളും കത്തിത്തിളയ്ക്കുന്നു! തുർക്ക്മെനിസ്ഥാനിലെ ദെർവേസിൽ നാല്പത്തിരണ്ട് വർഷമായി ജ്വലിച്ചുകൊണ്ടിരിക്കുന്ന ഈ തീക്കുണ്ഡത്തിന്റെ പേര് നരകകവാടം (Door to Hell) എന്നാണ്.



പാപം ചെയ്തവരെ എറിയുമെന്ന് നാം പറഞ്ഞുകേട്ടിട്ടുള്ള നരകത്തിലെ തീക്കുണ്ഡം പോലെ ഭയാനകമാണ് കണ്ടുന്നിലെ ഈ തീക്കുണ്ഡം. 230 അടിയോളം വ്യാസമുള്ള നരകകവാടം പരിസരഗ്രാമങ്ങളിൽ മുഴുവൻ ഭീതി വളർത്തി വലുതായിക്കൊണ്ടിരിക്കുന്നുമുണ്ട്! പ്രകൃതിവിഭവങ്ങളാൽ സമ്പന്നമായ ദെർവേസ് ഗ്രാമത്തിൽ എങ്ങനെയാണ് ഇങ്ങനെയൊരു തീക്കുണ്ഡം ഉണ്ടായത്? 1971-ൽ ഭൂഗർഭശാസ്ത്രജ്ഞന്മാർ ഇവിടം കുഴിച്ചുകൊണ്ടിരിക്കെ പ്രകൃതിവാതകം നിറഞ്ഞ വലിയൊരു ഭൂഗർഭ അറ കണ്ടെത്തി.

അതിൽ നിന്ന് വാതകം പുറത്തേക്ക് വന്നു. അതോടെ ഖനനം നിർത്തിവച്ചു. വിഷലിപ്തമായ വാതകം പരന്ന് കൂടുതൽ പ്രശ്നങ്ങളുണ്ടാകേണ്ടെന്നു കരുതി അത് കത്തിച്ചുകളയാൻ തീരുമാനിച്ചു. മൂന്നോ നാലോ ദിവസങ്ങൾ കൊണ്ട് കത്തിത്തീരാവുന്ന ഗ്യാസേ അതിലുണ്ടാകൂ എന്നവർ കരുതി. എന്നാൽ ആ കണക്കുകൂട്ടൽ തെറ്റി. ആഴ്ചകളും മാസങ്ങളുമല്ല നാൽപതിലേറെ വർഷം കഴിഞ്ഞിട്ടും തീ അണഞ്ഞില്ല. ഇപ്പോഴുമത് കത്തിക്കൊണ്ടിരിക്കുന്നു, എല്ലാവരിലും ഭയം നിറച്ചുകൊണ്ട്!

## നിലം തൊടാതൊരു വീട്!

കീഴ്ക്കാംതൂക്കായ മലഞ്ചെരുവിൽ, സമുദ്രത്തിന് മുകളിലായി തൂക്കിയിട്ട വീട്. തെക്കുപടിഞ്ഞാറൻ ഓസ്ട്രേലിയയിലാണ് വിചിത്രമായ ഈ വീട് നിർമിച്ചിരിക്കുന്നത്. ഓസ്ട്രേലിയയിലെ പ്രമുഖ കെട്ടിട നിർമാതാക്കൾ. മോഡ്സ് കേപ് ശൈലിയിലാണ് ക്ലിഫ് ഹൗസിന്റെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. കപ്പലുകളുടെ വശ



ങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്ന സമുദ്ര ജീവികളിൽ നിന്നുമാണ് ഇങ്ങനെയൊരു ആശയം രൂപപ്പെട്ടതെന്ന് കമ്പനി അറിയിച്ചു. നേരത്തെ നിർമിച്ച കെട്ടിടഭാഗങ്ങളെ കൂട്ടിയോജിപ്പിച്ച്, അഞ്ചു നിലകളിലായാണ് വീട് കെട്ടിപ്പെടുത്തിരിക്കുന്നത്. കുത്തനെയുള്ള പ്ലാറ്റ്ഫോമിൽ തയ്യാറാക്കിയ വീടിന്റെ മൂന്നുവശങ്ങളും ചില്ലിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. പ്ലാറ്റ്ഫോമിനെ കുത്തനെയുള്ള മലഞ്ചെരുവുമായി, പ്രത്യേകം തയ്യാറാക്കിയ ആണി ഉപയോഗിച്ച് ഘടിപ്പിച്ചിരിക്കുന്നു. മലഞ്ചെരുവുമായി ഇരുമ്പ് തൂണുകളുപയോഗിച്ചാണ് ഘടിപ്പിച്ചിരിക്കുന്നത്. സമുദ്രവുമായി പൂർണബന്ധമുള്ള വീട് എന്നാണ്, കമ്പനി അവരുടെ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന വിശേഷണം. മലയുടെ മുകളിൽ നിന്നു വീടിന്റെ മേൽക്കൂരയിലേക്കാണ് പ്രവേശനം. അവിടെ നിന്നു ലിഫ്റ്റിലൂടെയാണ് താഴെ സ്ഥിതി ചെയ്യുന്ന മുറികളിലേക്കെത്തുന്നത്. അഞ്ചു നിലകളിലും കിടപ്പുമുറി, അടുക്കള, ശൗചാലയം എന്നീ സൗകര്യങ്ങളും ഒരുക്കിയിരിക്കുന്നു. ഏറ്റവും താഴത്തെ നിലയാണ്, ഏറ്റവും ആവേശകരം. തുറസായ സ്ഥലമാണ് താഴെ ഒരുക്കിയിരിക്കുന്നത്. സമുദ്രത്തിന് മുകളിലെത്തി നിൽക്കുന്ന അവസ്ഥയാണ് ഇവിടെ നിൽക്കുമ്പോൾ ലഭിക്കുന്നത്. എല്ലാവിധ ആഡംബര സൗകര്യങ്ങളും ഈ അത്ഭുത വീട്ടിൽ സജ്ജീകരിച്ചിരിക്കുന്നു. മറ്റൊരിടത്തായി നിർമ്മിച്ച കെട്ടിടത്തെ, പിന്നീട് കുത്തനെയുള്ള മലയുടെ ചെരുവിൽ ഉറപ്പിക്കുകയായിരുന്നു. നേരത്തെ ഓസ്ട്രേലിയായിലെ ദമ്പതിമാർക്കു വേണ്ടിയും ഇവർ ഇതേ രൂപത്തിലുള്ള ഒരു വീടു നിർമിച്ചു നൽകിയിരുന്നു.

## അതീന്ദ്രിയ ജ്ഞാനവിദ്യ



അതീന്ദ്രിയ ജ്ഞാനവിദ്യ (ടെലിപ്പതി) സാധിച്ചെന്നു ശാസ്ത്രജ്ഞർ. ഇന്ത്യയിലിരുന്ന ഒരാളുടെ ചിന്ത ഫ്രാൻസിലെ മൂന്നു പേരുടെ മസ്തിഷ്കത്തിലേക്ക് എത്തിച്ചു. സംസാരിക്കുകയോ ടൈപ്പ് ചെയ്യുകയോ ചെയ്യാതെ 8000 കിലോമീറ്റർ അപ്പുറത്തേക്കു മസ്തിഷ്കത്തിലെ ചിന്ത അയച്ചുകൊടുക്കുകയായിരുന്നു. ഇന്റർനെറ്റിന്റെയും കംപ്യൂട്ടറിന്റെയും സാധ്യതകൾ ഉപയോഗിച്ചാണ് ഇതു സാധിച്ചത്. അമേരിക്കയിലെ ഹാർവാഡ് മെഡിക്കൽ സ്കൂൾ, സ്പെയിനിലെ സ്റ്റാർലാബ് ബാർസിലോണ, ഫ്രാൻസിലെ ആക്സിലം റോബോട്ടിക്സ് എന്നിവ ചേർന്നാണു ഗവേഷണം നടത്തിയത്.

ഹലോ എന്ന് അർഥമുള്ള ഓള, ചിയാവോ എന്നീ വാക്കുകളാണ് ഇപ്രകാരം വിദൂരസംവേദനം നടത്തിയത്. സന്ദേശം അയച്ചയാളുടെ തലയിൽ മസ്തിഷ്കത്തിലെ വൈദ്യുത തരംഗങ്ങൾ രേഖപ്പെടുത്തുന്ന ഇഇജി (ഇലക്ട്രോ എൻസെഫാലോഗ്രാഫ്) പോലുള്ള ഒരു ബ്രെയിൻ കംപ്യൂട്ടർ ഇന്റർഫേസ് (ബിസിഎ) ഘടിപ്പിച്ചു. ഇത് ആളിന്റെ മസ്തിഷ്കത്തിലെ വൈദ്യുത പ്രവാഹത്തെ ബൈനറിഭാഷയിൽ (പൂജ്യവും ഒന്നും മാത്രമുള്ള ഭാഷ) രേഖപ്പെടുത്തും. ഇതു ലാപ്ടോപ്പിലേക്കു കടത്തിവിട്ട് നെറ്റ് വഴി വിദൂരത്തുള്ള ആളുടെ തലയിൽ ഘടിപ്പിച്ച കംപ്യൂട്ടർ-ബ്രെയിൻ ഇന്റർഫേസിൽ എത്തിക്കും. അതിൽനിന്നുള്ള വൈദ്യുത തരംഗങ്ങൾ സന്ദേശം കൈമാറുന്നു. ഈ കൈമാറ്റം വിജയകരമായി നടന്നെന്നു ശാസ്ത്രജ്ഞ സംഘം പ്ലോസ്‌വൺ എന്ന ശാസ്ത്ര പ്രസിദ്ധീകരണത്തിൽ എഴുതി. കാർലെസ്ഗ്രാവു, അലഹാന്ദ്രോ റിയേറ, ജ്യൂലിയോ റൂഫീനി, ഹൂലിയ ആമെൻഗ്വാല്, അൽവാ റോ പാസ്കൽ ലിയോൺ എന്നിവരാണു സംഘത്തിലുണ്ടായിരുന്നത്.

## പരീക്ഷപാസായ റോബോട്ട്

ജപ്പാനിലെ ഹൈസ്കൂൾ പരീക്ഷയിൽ ടോ-റൊബോയ്ക്കു മികച്ച വിജയം. ഇനി ടോക്കിയോ സർവകലാശാലയുടെ പ്രവേശന പരീക്ഷയ്ക്കായി ഒരുങ്ങുകയാണു എൻ.ടി.ടി. തയാറാക്കിയ “ടോ-റൊബോട്ട്” എന്ന യന്ത്രമനുഷ്യൻ. 12 മാസം നീണ്ട പരീശലത്തിനൊടുവിൽ റൊബോട്ടിനു ലഭിച്ചത് 93.1 ശതമാനം മാർക്കാണ്.

എൻ.ടി.ടി.യാണ് ടോ-റൊബോയ്ക്കുള്ള സോഫ്റ്റ്‌വേർ തയാറാക്കിയത്. ഹാർഡ്‌വേർ തയാറാക്കിയത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫോർമാറ്റിക്സ് ആണ്. ഇംഗ്ലീഷ്, ജാപ്പനീസ് ഭാഷകളിൽ മികച്ച മാർക്ക് ലഭിച്ചത് ഗവേഷകരെ ആവേശത്തിലാക്കിയിട്ടുണ്ട്. 2011-ൽ ആണു ടോ-റോബോ പദ്ധതി തുടങ്ങിയത്.





| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ - Rs.150 \| മറ്റ് രാജ്യങ്ങൾ - Rs.2000 | വേദാഭിമാനി, കേരള 690516 |



# ദൈവത്തിന്റെ കരങ്ങൾ

അസോസിയേറ്റഡ് പ്രസ്സിന്റെ റിപ്പോർട്ടറായിരുന്ന മിസ്ഹിക്കോക് പൊതുജീവിതത്തിൽ പ്രസിദ്ധയായിരുന്നു. പക്ഷേ, ദുരിതങ്ങൾ ഒന്നിനു പിറകെ ഒന്നായി അവരെ വേട്ടയാടി. ആദ്യം സന്ധിവാതം പിടിപെട്ടു. പിന്നീട് പ്രമേഹവും. അതോടൊപ്പം കാഴ്ചശക്തിയും നശിച്ചു. എങ്കിലും ഹിക്കോക് പതറിയില്ല. കണ്ണില്ലെങ്കിൽ കാതുണ്ടല്ലോ. ടെലിവിഷൻ കാണുന്നതിനു പകരം അവർ റേഡിയോ കേട്ടു. ഓടിനടന്നു വാർത്തകൾ ശേഖരിച്ചു റിപ്പോർട്ട് ചെയ്യാൻ ആവില്ലെങ്കിലും മുറിയിൽ കുത്തിയിരുന്നു പുസ്തകങ്ങൾ എഴുതാമല്ലോ. അവർ കുട്ടികൾക്കായി കൊച്ചുകൊച്ചു പുസ്തകങ്ങളെഴുതി. സന്ധിവാതം പിടിപെട്ട വിരലുകൾ പേനയേന്താൻ വിസമ്മതിച്ചപ്പോൾ അവർ ഒറ്റ വിരലുകൊണ്ട് ടൈപ്പ് ചെയ്തു. പൊതുരംഗത്ത് ഓടിനടന്നു പ്രവർത്തിക്കാനാവാതെ വന്നപ്പോൾ അവർ അയൽപക്കത്തുള്ളവരുമായി ഉറ്റ സുഹൃദ്ബന്ധം സ്ഥാപിച്ചു. അവരുടെ കഥകൾ കേൾക്കാൻ കുട്ടികൾ ഓടിക്കൂടി. മിസ് ഹിക്കോക്കിന്റെ ജീവിതം അങ്ങനെ വീണ്ടും ഊർജസ്വലവും സൗഭാഗ്യപൂർണവുമായി.



മിസ് ഹിക്കോക്ക്

മിസ് ഹിക്കോക്കിന്റെ ഈ കഥ പറഞ്ഞുകൊണ്ടാണ് പരാജയത്തെ വിജയമാക്കി മാറ്റാൻ എലിനോർ റൂസ്‌വെൽറ്റ് ആഹ്വാനം ചെയ്യുന്നത്. കണ്ണും കാതും ഇല്ലാതെ ജീവിച്ച ഹെലൻകെല്ലറെ ഓർമിക്കുന്നില്ലേ? അന്ധയും ബധിരയും മൂകയുമായിരുന്ന അവർ തനിക്കു ദൈവം നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ ഒന്നൊന്നായി എണ്ണിനോക്കി. ജീവിതത്തിലെ ദുഃഖദുരിതങ്ങളെ അവർ വീറോടെ നേരിട്ടു. നാലഞ്ചു ഭാഷകൾ സ്വായത്തമാക്കാനും നിരവധി തവണ ലോകപര്യടനം നടത്താനും ഒട്ടേറെ പുസ്തകങ്ങൾ രചിക്കാനും സർവോപരി അന്ധർക്കും ബധിരർക്കുമൊക്കെ ആശപകരാനും അവർക്കു കഴിഞ്ഞു. അവർ പറയുന്നതു ശ്രദ്ധിക്കൂ: "ലോകത്തിലെ പരിമിതികളോടും പരാജയങ്ങളോടും മല്ലിട്ടുകൊണ്ടു മാത്രമേ നമുക്ക് ഏറ്റവും ഉന്നതമായ സാധ്യതകളിൽ എത്തിച്ചേരാൻ കഴിയൂ."

അനുഗ്രഹങ്ങൾകൊണ്ടു നമ്മെ സമ്പന്നമാക്കുന്ന ദൈവത്തിന്റെ കരങ്ങൾ എപ്പോഴും നമ്മോടുകൂടിയുണ്ട്. രവീന്ദ്രനാഥ ടാഗോറിനെപ്പോലെ അവിടുത്തെ അനുഗ്രഹങ്ങൾ എണ്ണുവാൻ നാം ശ്രമിക്കണം. ഗീതാഞ്ജലിയിലെ ടാഗോറിന്റെ ആത്മഗീതത്തിൽനിന്ന് ഏതാനും ഈരടികളിതാ. "അങ്ങ് എന്റെ അപേക്ഷ കൂടാതെ എനിക്കു നൽകിയിട്ടുള്ള ഈ മഹാദാനങ്ങൾക്ക് – ഈ നീലാകാശം, പ്രകാശം, ജീവൻ, ചിത്തം എന്നീ വിശേഷോത്തര ദാനങ്ങൾക്ക്–അങ്ങ് എന്നെ ദിനംതോറും അർഹനാക്കിത്തീർക്കുന്നു..." അനുഗ്രഹങ്ങൾ എണ്ണുമ്പോൾ അവ നമുക്കു കുറവാണെന്ന തോന്നൽ വേണ്ട. ഒരു അനുഗ്രഹത്തിനുകൂടി വിശുദ്ധ പൗലോസ് മുട്ടിപ്പായി മൂന്നുതവണ പ്രാർത്ഥിച്ചപ്പോഴും കർത്താവ് മറുപടി നൽകിയത് "നിനക്ക് എന്റെ കൃപ മതി" എന്നാണ്. എന്ത് ദുഃഖദുരിതങ്ങളും ദൗർഭാഗ്യങ്ങളും നമ്മെ പിടികൂടിയാലും അവിടുത്തെ കൃപയുണ്ടെങ്കിൽ നമുക്ക് എല്ലാമായി. "എന്നെ ശക്തിപ്പെടുത്തുന്നവനാൽ എനിക്ക് എല്ലാം സാധിക്കും" എന്ന് വി. പൗലോസിനെപ്പോലെ നമുക്കും ഉറച്ചു വിശ്വസിക്കാം. ജീവിതവിജയത്തിന് ഇതു ധാരാളം മതിയാകും.



ഹെലൻ കെല്ലർ

# ദൈവത്തിങ്കലേക്കുള്ള മാനസാന്തരവും യേശുക്രിസ്തുവിലുള്ള വിശ്വാസവും



ഒരു നല്ല ജീവിതം എല്ലാ മതങ്ങളും പഠിപ്പിക്കുന്നുണ്ട്. ഒരു നല്ല ജീവിതം നിശ്ചയമായും നമുക്കാവശ്യമാണ്. എന്നാൽ അത് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമായ വീണ്ടുംജനനത്തിന്മേൽ പണിയപ്പെടേണ്ട ഒന്നത്രേ. നാം എല്ലാം അവിടെയാണ് തുടങ്ങേണ്ടത്.

യഹൂദ മതനേതാവായിരുന്ന നിക്കോദെമോസ് ദൈവഭയമുള്ള നീതിബോധമുള്ള വ്യക്തിയായിരുന്നു. നിക്കോദെമോസിനോട് സംസാരിക്കുമ്പോൾ യേശു "വീണ്ടും ജനിക്കുന്നതിനെ" പ്പറ്റി പറഞ്ഞു (യോഹ. 3:3). നീ പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ കഴികയില്ല" എന്ന് യേശു പറഞ്ഞു. നിങ്ങൾ ഒരു നല്ല മനുഷ്യനാണെങ്കിലും ദൈവരാജ്യത്തിൽ കടക്കുവാൻ "പുതിയ ജനനം" എന്ന ആത്മിക ജനനം നിങ്ങൾക്ക് ആവശ്യമാണ്. തുടർന്ന് യേശു നിക്കോദെമോസിനോട് പറഞ്ഞത് താൻ ക്രൂശിൽ ഉയർത്തപ്പെടുകയും മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി മരണം വരിക്കയും ചെയ്യുമെന്നും, തന്നിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ലഭ്യമാകും എന്നുമാണ് (യോഹ. 3:14,16). മനുഷ്യരുടെ പ്രവൃത്തികൾ ദോഷമുള്ളവയാകയാൽ അവർ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചു എന്നും സത്യസന്ധരായവർ വെളിച്ചത്തിലേക്ക് വന്ന് രക്ഷപ്രാപിക്കും എന്നും യേശു തുടർന്നു പറഞ്ഞു (യോഹ. 3:19,21). വീണ്ടും ജനിക്കാൻ നിങ്ങൾ വെളിച്ചത്തിലേക്കു വരണം. അതിന്റെ അർത്ഥം, ദൈവമുമ്പാകെ പരമാർത്ഥതയോടെ പാപങ്ങൾ ഏറ്റുപറയണം എന്നത്രേ. നിങ്ങൾ ചെയ്തിട്ടുള്ള എല്ലാ പാപങ്ങളും ഓർക്കുക അസാദ്ധ്യമാണ്. എന്നാൽ നിങ്ങൾ ഒരു പാപിയാണെന്ന് അംഗീകരിക്കുകയും സ്മൃതിപഥത്തിലുള്ള എല്ലാ പാപങ്ങളും ദൈവത്തോട് ഏറ്റുപറയുകയും ചെയ്യണം. പാപം ബൃഹത്തായ ഒരു കാര്യമാണ്. തുടക്കത്തിൽ അതിന്റെ ചെറിയ ഒരംശം മാത്രമേ നിങ്ങൾക്ക് സ്വന്തജീവിതത്തിൽ കാണാൻ കഴിയൂ. ഒരു വലിയ രാജ്യത്ത് താമസിക്കുന്ന ഒരാൾ ആ രാജ്യത്തിന്റെ ചെറിയ ഒരു ഭാഗം മാത്രം കാണുന്നതുപോലെയാണത്. നിങ്ങൾക്ക് ബോദ്ധ്യമാകുന്ന പാപങ്ങളിൽ നിന്ന് നിങ്ങൾ പിന്തിരിയുമ്പോൾ ക്രമേണ ഈ പാപരാജ്യം കൂടുതലായി നിങ്ങൾ കാണാൻ തുടങ്ങും. നിങ്ങൾ വെളിച്ചത്തിൽ നടക്കുന്തോറും കൂടുതലായി സ്വന്തജീവിതത്തിലെ പാപങ്ങളെ കാണുകയും അവയിൽ നിന്നും ശുദ്ധീകരണം പ്രാപിക്കാൻ ഇടയാകയും ചെയ്യും. സദാസമയം ദൈവമുമ്പാകെ സത്യസന്ധതയിൽ നടക്കേണ്ടത് അത്യന്താപേക്ഷിതമാണ്.



മറ്റൊരു ദൃഷ്ടാന്തം പറഞ്ഞാൽ, പല മുറികളുള്ള ഒരു വീട്ടിൽ നിങ്ങൾ താമസിക്കുന്നു എന്ന് വിചാരിക്കുക. കർത്താവായ യേശു നിങ്ങളുടെ വീട്ടിൽ വന്ന് താമസിക്കണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നു. വൃത്തിഹീനമായ മുറികളിൽ യേശു താമസിക്കുകയില്ല. ഓരോന്നായി മുറികൾ വൃത്തിയാക്കുവാൻ യേശു നിങ്ങളെ സഹായിക്കുന്നു. അല്പാല്പമായി വീട് മുഴുവൻ വൃത്തിയാക്കുന്നു. ക്രിസ്തീയ ജീവിതത്തിൽ നാം വിശുദ്ധിയിൽ വളരുന്നത് ഇപ്രകാരമാണ്.



അപ്പൊസ്തലനായ പൗലൊസ്, താൻ പ്രസംഗിക്കുന്ന സന്ദേശത്തെക്കുറിച്ച് ഒരിക്കൽ പറഞ്ഞത് "ദൈവത്തിങ്കലേക്കുള്ള മാനസാന്തരവും യേശുക്രിസ്തുവിലുള്ള വിശ്വാസവും" എന്നാണ് (അ. പ്ര. 20:21). നിങ്ങളുടെ ജീവിതത്തിൽ നല്ല ഒരു അടിസ്ഥാനം ഇടുവാനും വീണ്ടും ജനിക്കുവാനും ഈ രണ്ട് കാര്യങ്ങൾ അത്യന്താപേക്ഷിതമത്രേ. അനുതാപവും വിശ്വാസവും ദൈവം കൂട്ടിചേർത്തിരിക്കുന്ന കാര്യങ്ങളാണ്. എന്നാൽ ക്രിസ്തീയ പ്രസംഗകർ അവയെ വേർപിരിച്ചിരിക്കുന്നു. ഇന്നത്തെ സുവിശേഷപ്രസംഗങ്ങളിൽ നിന്നും അനുതാപത്തെ ഒഴിവാക്കിയിരിക്കുന്നു. വിശ്വസിക്കുന്നതിനെപറ്റി മാത്രമാണ് അവർ പറയുന്നത്.

എന്നാൽ വിശ്വസിക്കുക മാത്രം ചെയ്താൽ നിങ്ങൾക്ക് വീണ്ടും ജനിക്കുവാൻ കഴികയില്ല. ഒരു സ്ത്രീ എത്രമാത്രം പരിശ്രമിച്ചാലും സ്വയമായി ഒരു ശിശുവിന് ജന്മം കൊടുക്കാൻ കഴികയില്ല എന്നു പറയുന്നതുപോലെയാണ് ഈ കാര്യവും. ഒരു ശിശു ജനിക്കുവാൻ സ്ത്രീയും പുരുഷനും ഒത്തുചേരേണ്ടതുണ്ട്. നിങ്ങളുടെ ആത്മാവിൽ ഒരു പുതുജനനം നടക്കണമെങ്കിൽ അനുതാപവും വിശ്വാസവും ഒത്തുചേരേണ്ട ആവശ്യമുണ്ട്.



# ബാലവേദി

## പൂച്ച പഠിപ്പിച്ചത്



**അ**സിറിയായിലെ രാജകുമാരനായിരുന്നു സിമ്രാൻ. പിതാവ് പെട്ടെന്നു മരിച്ചതുകൊണ്ട് രാജ്യഭാരം അദ്ദേഹത്തിന്റെ തലയിലായി.

നിത്യവും നൂറുകണക്കിന് കാര്യങ്ങളെപ്പറ്റി ആലോചിക്കണം. എല്ലാം ശരിയായി നടക്കുന്നുണ്ടോ എന്ന് ഉറപ്പാക്കണം. ആകെക്കൂടി രാജാവിന് ഏകാഗ്രത നഷ്ടപ്പെട്ടു. ഒന്നും ശരിയായി ചെയ്യാൻ പറ്റാതായി.

അപ്പോഴാണ് ദിവ്യശക്തിയുള്ള ഒരു സന്യാസിയുണ്ടെന്ന് സിമ്രാൻ കേട്ടത്. അദ്ദേഹം ഉടനെ സന്ന്യാസിയെ ചെന്നുകണ്ടു. മനസ്സിന് ഏകാഗ്രതയും സ്വസ്ഥതയും കിട്ടാൻ വേണ്ട ഉപദേശം തരണമെന്ന് അപേക്ഷിച്ചു.

ഇതുകേട്ടപ്പോൾ സന്ന്യാസി പറഞ്ഞു: “ഹ! ഹ! ഇത്രേയുള്ളോ? ഒരു പൂച്ചയ്ക്കുപോലും ഇതറിയാമല്ലോ, പോയി ഏതെങ്കിലും പൂച്ചയെ ശ്രദ്ധിച്ചുനോക്കൂ!”

സന്ന്യാസി കളിയാക്കുന്നെന്നാണ് രാജാവിന് തോന്നിയത്. ദേഷ്യവും നിരാശയുമൊക്കെ തോന്നിയെങ്കിലും അദ്ദേഹം ഒന്നും പറയാതെ തിരികെപോന്നു.

ഒരു ദിവസം രാത്രി സിമ്രാൻ പൂന്തോട്ടത്തിൽ ഉലാത്തുകയായിരുന്നു. അപ്പോഴാണ് ഒരു എലി ചാടിപ്പോകുന്നത് അദ്ദേഹം കണ്ടത് പിന്നാലെ ഒരു പൂച്ചയും. എലി പേടിച്ച് ഒരു മാളത്തിൽ കയറി ഒളിച്ചു. പൂച്ച മാളത്തിനു മുന്നിൽ ചെന്നിരിപ്പായി. ഇതുകണ്ട് -സിമ്രാന് കൗതുകം തോന്നി.

എലി പുറത്തു കടന്നാൽ ചാടിപ്പിടിക്കാൻ തയ്യാറായാണ് പൂച്ചയുടെ ഇരിപ്പ്. വാല് അല്പം വളച്ച് അനങ്ങാതെ; അതിന്റെ നിൽപ്പും നോട്ടവും ശ്രദ്ധയുമെല്ലാം എലിയിലാണ്!

അപ്പോഴാണ്, സന്ന്യാസി പറഞ്ഞ കാര്യം രാജാവ് ഓർമ്മിച്ചത്. ശരിയാണല്ലോ, പൂച്ചയെപ്പോലെ ഒരു സമയം ഒരൊറ്റ കാര്യത്തിൽ മാത്രം ശ്രദ്ധിച്ചാൽ മതി. പല കാര്യങ്ങൾ ഒരേ സമയം ചെയ്യാൻ നോക്കിയാൽ എല്ലാം കുഴഞ്ഞുമറിയുകയേയുള്ളു. പിന്നെ എങ്ങനെ ഏകാഗ്രത കിട്ടാൻ?

## കാറ്റിനൊരു പേര്



**ആ**ന്ധ്ര ഒഡീഷ തീരങ്ങളിൽ വ്യാപക നാശങ്ങൾക്കിടയാക്കിയ ഹുദ്ഹുദ് ചുഴലിക്കാറ്റും ഇസ്രയേലും തമ്മിൽ എന്താണ് ബന്ധമെന്നു ചോദിക്കാം. കാരണം ഹുദ്ഹുദ് എന്ന പേര് ഇസ്രയേലിൽ നിന്നു കടംകൊണ്ടതാണ്. ഇസ്രയേലി ദേശീയ പക്ഷിയായ ഹൂപൂവിന്റെ അറബി പേരാണ് ഹുദ്ഹുദ്. ചുഴലിക്കാറ്റിന് ആ പേരു നിർദേശിച്ചത് ഒമാനാണ്. ചുഴലിക്കാറ്റുകൾക്ക് പേരിടാനുള്ള അവകാശം സാർക് രാജ്യങ്ങൾക്കും ഒമാനും തായ്‌ലൻഡിനുമാണ്. ഈ രാജ്യങ്ങൾ നിർദേശിച്ച 64 പേരുകളിൽ നിന്നാണ് ഹുദ്ഹുദ് തെരഞ്ഞെടുത്തത്. ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിലാണ് രാജ്യങ്ങൾക്ക് ചുഴലിക്കാറ്റിനു പേരിടാനുള്ള അവസരം ലഭിക്കുന്നത്. ഇതനുസരിച്ച് ഇത്തവണ ഒമാന്റെ ഊഴമായിരുന്നു. അടുത്ത ഊഴം പാക്കിസ്ഥാന്റേതാണ്. ഇതിനു മുമ്പ് ജൂണിൽ വീശിയ നാനോക്ക് ചുഴലിക്കാറ്റിനു പേരു നല്കിയത് മ്യാൻമറായിരുന്നു. കഴിഞ്ഞ വർഷം ഏറെ നാശംവിതച്ച ഫൈലീൻ ചുഴലിക്കാറ്റിന്റെ പേര് തായ്‌ലൻഡിന്റെ സംഭാവനയാണ്. ഇന്ത്യയുടെ മേഘ്, സാഗർ, വായു, പാക്കിസ്ഥാന്റെ നിലോഫർ, ശ്രീലങ്കയുടെ പ്രിയ, തായ്‌ലൻഡിന്റെ കോമെൻ, ബംഗ്ലാദേശിന്റെ ചപാല എന്നിവയാണ് അടുത്ത ചുഴലിക്കാറ്റുകൾക്ക് ഒരുക്കിയിരിക്കുന്ന പേരുകൾ. 1953-ൽ മിയാമിയിൽ നടന്ന കാലാവസ്ഥാ പഠന കൺവൻഷനിൽ അറ്റ്ലാന്റിക്കിലെ ചുഴലിക്കാറ്റുകൾക്ക് വ്യത്യസ്ത പേരുകൾ നല്കാൻ തീരുമാനിച്ചിരുന്നു. ആദ്യം സ്ത്രീകളുടെ പേരുകളാണ് നല്കിയിരുന്നത്. എഡ്ന, ഫ്ളോറൻസ്, ജിൽ, ഐറീൻ കത്രീന തുടങ്ങിയവയായിരുന്നു ചുഴലിക്കാറ്റുകളുടെ പേരുകൾ. 2004 മുതലാണ് വടക്കൻ ഇന്ത്യൻ മഹാസമുദ്രത്തിൽ രൂപമെടുത്ത ചുഴലിക്കാറ്റുകൾക്ക് പശ്ചിമേഷ്യൻ രാജ്യങ്ങളിൽ പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്തമായ പേരുകൾ നല്കാൻ തുടങ്ങിയത്. ജനങ്ങളുടെ മത, വർഗീയ വികാരങ്ങളെ വ്രണപ്പെടുത്താതിരിക്കാനാണ് ഇത്തരം പേരുകൾ നല്കാൻ തീരുമാനിച്ചത്.



## പഠനവും പരാജയവും

### ഒരു കുട്ടി തനിയെ നടക്കാൻ പഠിക്കുന്നതു നോക്കൂ...



നിലത്തുനിന്ന് എണീറ്റ് രണ്ടു കാലിൽ നിന്ന്...



...പിന്നെ പതിയെ പതിയെ പിച്ചവച്ചു.



രണ്ടുമൂന്നു ചുവടുവച്ചപ്പോഴേക്കും കുട്ടിവീണു.



പിന്നെയും എണീറ്റ് പിച്ചവച്ചു പിന്നെയും വീണു.



കുട്ടികൾ നടക്കുന്നതിനിടെ വീഴുന്നത് അവരുടെ പരാജയമല്ല; നടക്കാനുള്ള പാഠങ്ങളാണ് ഓരോ വീഴ്ചയും

**ഇതുപോലെ ജീവിതത്തിലുണ്ടാകുന്ന പല വീഴ്ചകളും പരാജയമല്ല; ഓരോ പാഠങ്ങളാണ്. ആ പാഠങ്ങൾ മനസ്സിലാക്കി മുന്നേറിയാൽ ജീവിതത്തിൽ പരാജയമുണ്ടാവില്ല.**


## ഇ-ബുക്ക്



കമ്പ്യൂട്ടറോ ടാബ്‌ലറ്റോ ഒക്കെ ഉപയോഗിച്ച് വായിക്കാവുന്ന ഇലക്ട്രോണിക് പുസ്തകങ്ങളാണ് ഇ-ബുക്കുകൾ. ഒരു പെൻഡ്രൈവിൽ ഒരു വലിയ ലൈബ്രറി തന്നെ ഒരുക്കാം എന്നതാണ് ഇവയുടെ മെച്ചം. കോപ്പി ചെയ്ത് പങ്കുവയ്ക്കാനും എളുപ്പം. കൂട്ടുകാർക്ക് ഉപയോഗിക്കാവുന്ന ചില ഇ-ബുക്ക് വെബ്സൈറ്റുകളാണ് ഇത്തവണ ഞാൻ പരിചയപ്പെടുത്തുന്നത്. അതിലെല്ലാം കയറിനോക്കൂ, ഫെയ്സ്ബുക്കിനു പുറമെ കുറച്ച് ഇ-ബുക്ക് വായനകൂടി ആയിക്കോട്ടെ!

magickeys.com/books
en.childrenslibrary.org
kids.nypl.org/ebooks
kidsworldfun.com/ebooks.php

## അക്ഷരതെറ്റ്





വേഡിലൊക്കെ ലേഖനങ്ങൾ തയ്യാറാക്കുമ്പോൾ അക്ഷരത്തെറ്റുകൾക്ക് ചുവന്ന അടിവര വരാറില്ലേ? അവിടെ റൈറ്റ് ക്ലിക്ക് ചെയ്യുമ്പോൾ ശരിയായ സ്പെല്ലിങ് കാണുകയും ചെയ്യും. ഇന്റർനെറ്റിലും ഇതേ സൗകര്യമൊരുക്കുന്ന വെബ്സൈറ്റുകളുണ്ട്. റൈറ്ററോ വേഡോ ഒന്നുമില്ലാത്ത ഫോണും ടാബ്‌ലറ്റും ഉപയോഗിക്കുമ്പോൾ ഇത് ശരിക്കുമൊരു സഹായമാകും.

ഇതിനായി spellcheck.net എന്ന വെബ്സൈറ്റ് സന്ദർശിക്കണം. അവിടെയുള്ള കളത്തിൽ നേരിട്ട് ടൈപ്പ് ചെയ്യുകയോ എഴുത്ത് പേസ്റ്റ് ചെയ്യുകയോ ആവാം. എന്നിട്ട് അതിന് മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥലത്ത് ക്ലിക്ക് ചെയ്താൽ അക്ഷരത്തെറ്റും മറ്റും കണ്ടെത്തുകയും തിരുത്തുകയുമാവാം.

# മുറുകെ പിടിക്കേണ്ട യാഥാർത്ഥ്യങ്ങൾ

ടി.എം.വർഗ്ഗീസ് ഓതറ



കഴിഞ്ഞലക്കം തുടർച്ച 3

**"നിത്യജീവനെ പിടിച്ചുകൊൾക"** (1 തിമൊ. 6:12). ദൈവം മനുഷ്യവർഗ്ഗത്തിനു നൽകിയ അനേകം വാഗ്ദത്തങ്ങളും ദാനങ്ങളും തിരുവചനത്തിൽ കാണുവാൻ കഴിയും. ദൈവം നൽകിയ ദാനങ്ങളിൽ ഏറ്റവും മുഖ്യമായ ദാനമാണ് ദൈവപുത്രനായ യേശുക്രിസ്തുവിനെ ലോകത്തിനു നൽകിയത്. ആയതുപോലെ ദൈവം നമുക്കു നൽകിയ ഏറ്റവും വലിയ വാഗ്ദത്തമാണ് നിത്യജീവൻ (1 യോഹ. 2:25). ദൈവം വാഗ്ദത്തം ചെയ്ത നിത്യജീവൻ ക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തിനു ദൈവം പ്രദാനം ചെയ്തിരിക്കയാണ്. തിരുവചനം പറയുന്നു: പുത്രനുള്ളവനു ജീവൻ ഉണ്ട്; ദൈവപുത്രനില്ലാത്തവനു ജീവൻ ഇല്ല (1 യോഹ. 5:11–12, 20).

ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദനിൽ ആക്കിയത് ഒരു താല്ക്കാലിക ജീവിതത്തിന്നായിട്ടല്ല. പിന്നെയോ മനുഷ്യൻ ദൈവകല്പന അനുസരിച്ച് ദൈവവുമായുള്ള കൂട്ടായ്മയിൽ നിത്യം വസിപ്പാനാണ്. ഏദനിൽ ദൈവവും മനുഷ്യനും തമ്മിൽ എന്നും ആ കൂട്ടായ്മ പുലർത്തിയിരുന്നുവല്ലോ?

തിരുവചനം പറയുന്നു: ദൈവം സകലവും അതിന്റെ സമയത്തു ഭംഗിയായി ചെയ്തു, നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു (സഭാ.3:11). മനുഷ്യഹൃദയത്തിൽ ദൈവം വച്ചിരിക്കുന്ന നിത്യതയെപ്പറ്റി മനുഷ്യനു വേണ്ടത്ര അറിവില്ല. മനുഷ്യന്റെ മരണാനന്തരമുള്ള നിത്യതയെക്കുറിച്ച് ശരിയായ അറിവില്ലാത്തതുകൊണ്ടാണ് മനുഷ്യർ ഈ ആയുസ്സിൽ മാത്രം പ്രത്യാശവെച്ച് കഴിയുന്നത്. നിത്യതയെക്കുറിച്ചുള്ള യഥാർത്ഥ അറിവും കാഴ്ചപ്പാടും ഒരുവനു ലഭിക്കണമെങ്കിൽ ഞാൻതന്നേ വഴിയും സത്യവും ജീവനുമാകുന്നു എന്നരുളിച്ചെയ്ത കർത്താവായ യേശുവിനെ ഹൃദയത്തിൽ സ്വീകരിക്കണം. അങ്ങിനെ യേശുക്രിസ്തുവിലൂടെ ലഭ്യമായ ജീവൻ അവനെ നിത്യതയിൽ കൊണ്ടെത്തിക്കുന്നു. ഈ മർമ്മം കർത്താവായ യേശുതന്നേ പറഞ്ഞത്: "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല എന്നാണ് (യോഹ. 11:25–26). വിശുദ്ധ പൗലോസ് പറയുന്നു: "സാക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളേണ്ടതിനു വരുംകാലത്തേക്കു നല്ലോരു അടിസ്ഥാനം നിക്ഷേപിച്ചുകൊള്ളുക. നിത്യജീവന്റെ അടിസ്ഥാനം കർത്താവായ യേശുക്രിസ്തു മാത്രമാകുന്നു എന്ന് തിരുവചനം പറയുന്നു.

**പ്രത്യാശയുടെ ധൈര്യവും പ്രശംസയും നാം മുറുകെ പിടിക്കണം.**


"പ്രത്യാശയുടെ ധൈര്യവും പ്രശംസയും നാം അവസാനത്തോളം മുറുകെപ്പിടിച്ചുകൊണ്ടാൽ നാം തന്നേ അവന്റെ ഭവനം ആകുന്നു (എബ്രാ. 3:6).

"പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾക..." (എബ്രാ. 10:23).

ക്രിസ്തുയേശുവിലൂടെയും, തിരുവചനത്തിലൂടെയും ദൈവജനത്തിനു നൽകപ്പെട്ടിരിക്കുന്നത് അതിമഹത്തായ പ്രത്യാശയാണ്. ആകയാൽ നമുക്കു നൽകപ്പെട്ട പ്രത്യാശയുടെ സ്വീകാര്യം നാം അവസാനത്തോളം മുറുകെ പിടിക്കേണമെന്ന് തിരുവചനം ഉദ്ബോധിപ്പിക്കുന്നു. നമുക്കു ലഭിച്ചിരിക്കുന്ന പ്രത്യാശയെപ്പറ്റി വിശുദ്ധ ബൈബിളിൽ പറഞ്ഞിരിക്കുന്നത് നമ്മുടെ ധൈര്യത്തിനും പ്രശംസയ്ക്കായും ഉദ്ധരിക്കുന്നു.

രക്ഷയുടെ പ്രത്യാശ (1 തെസ്സ. 5:8). തിരുവെഴുത്തുകളാൽ ഉളവാകുന്ന പ്രത്യാശ (റോമർ 15:4). ഏറെ നല്ല പ്രത്യാശ (2 തെസ്സ. 2:16; എബ്രാ. 7:19). ഭംഗം വരാത്ത പ്രത്യാശ (റോമർ 5:5). സുവിശേഷത്തിലൂടെ ലഭ്യമായ പ്രത്യാശ (കൊലോ. 1:23). സ്വർഗ്ഗത്തിൽ നമുക്കായി സംഗ്രഹിച്ചിരിക്കുന്ന പ്രത്യാശ (കൊലോ. 1:3). ഭാഗ്യകരമായ പ്രത്യാശ (തീത്തോ. 2:12). ജീവനുള്ള പ്രത്യാശ (1 പത്രോ. 1:3). നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള പ്രത്യാശ (എബ്രാ. 6:18). മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു (കൊലോ. 1:27). നമ്മുടെ പ്രത്യാശയായ ക്രിസ്തു (1 തിമോ. 1:1).

വി. പൗലോസ് അഗ്രിപ്പാ രാജാവിന്റെ മുമ്പിൽ വിസ്താരത്തിനായി നിൽക്കുമ്പോൾ താൻ രാജാവിനോട് പറയുന്നത്: ദൈവത്താൽ നമ്മുടെ പിതാക്കന്മാർക്കു ലഭിച്ചതും നമ്മുടെ പന്ത്രണ്ടു ഗോത്രങ്ങളും രാപ്പകൽ ശ്രദ്ധയോടെ ആരാധിച്ചുകൊണ്ട് എത്തിപ്പിടിപ്പാൻ ആശിക്കുന്നതും ആയ വാഗ്ദത്തത്തിലുള്ള പ്രത്യാശ ഹേതുവായിട്ടത്രേ ഞാൻ ഇപ്പോൾ വിസ്താരത്തിൽ ആയിരിക്കുന്നത് (അ.പ്ര. 26:6–7). തിരുവെഴുത്തുകളാൽ നമുക്കു ലഭിച്ചിരിക്കുന്ന പ്രത്യാശയെക്കുറിച്ചു പറഞ്ഞിരിക്കുന്നത്: നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെനിന്നു കർത്താവായ യേശു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു (ഫിലി. 3:20). ദൈവജനത്തിനു ലഭിച്ചിരിക്കുന്ന അനുഗ്രഹിക്കപ്പെട്ട പ്രത്യാശയെ ഓർത്ത് ദൈവത്തിനു സ്തുതി അർപ്പിക്കുന്നു. (തുടരും)



# അന്ധവിശ്വാസവും യുക്ത്യാനുസാര വിശ്വാസവും

പ്രൊഫ. ടി. ജോൺ മാത്യു

**2014 ഒക്ടോബർ ലക്കം 'വേദാഭിമാനി' യിൽ പ്രസിദ്ധീകരിച്ച കലാനാഥന്റെ യുക്തിവാദത്തിനുള്ള മറുപടി (തുടർച്ച) 2**

"വിശ്വാസങ്ങളെ ശാസ്ത്രീയമായ രീതിയിൽ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ അതിൽ വസ്തുനിഷ്ഠമായി..." എന്നു പറയുന്നതുകൊണ്ട് ലേഖനകാരൻ ഉദ്ദേശിക്കുന്നത് "കാര്യകാരണസഹിതം" എന്നു മാത്രമാണെങ്കിൽ അത് സ്വീകാര്യമായ ആശയമാണ്; എന്നാൽ "വസ്തുക്കളിലൂടെ പ്രകടമാകുന്നതും കണ്ണുകൊണ്ട് കാണാൻ പറ്റുന്നതുമായ വിധത്തിൽ" എന്നുള്ള ആശയം കൂടി അദ്ദേഹം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആ ആശയം യുക്തിക്കു നിരക്കുന്നതാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. വിദ്യുച്ഛക്തി, ശബ്ദതരംഗങ്ങൾ, റേഡിയോ സിഗ്നലുകൾ, കാന്തശക്തി ഇവയൊന്നും തന്നെ നമ്മുടെ കണ്ണുകൊണ്ട് കാണാൻ സാധ്യമല്ല; എന്നാൽ പരീക്ഷണനിരീക്ഷണങ്ങളിലൂടെ അവയുടെ അസ്തിത്വം നാം നമ്മുടെ ചിന്താമണ്ഡലത്തിൽ കാണുന്നു. സ്പെയ്സ് അഥവാ സ്ഥലം ഒരു യാഥാർത്ഥ്യമാണെന്ന് നമുക്കറിയാം. എന്നാൽ കണ്ണുകൊണ്ട് കണ്ടിട്ടാണോ നാം സ്പെയിസിനെക്കുറിച്ച് അറിവ് നേടിയിരിക്കുന്നത്? കണ്ണുകൊണ്ട് ഒരു വസ്തുവിനെ നാം കാണണമെങ്കിൽ ആ വസ്തുവിന്മേൽ പ്രകാശരശ്മികൾ തട്ടി ആ രശ്മികളുടെ ചെറിയ ഒരു ഭാഗമെങ്കിലും പ്രതിഫലിച്ച് നമ്മുടെ കണ്ണുകളിൽ പതിക്കണം. മേശപ്പുറത്തിരിക്കുന്ന പുസ്തകം നാം കാണുന്നത് പുസ്തകത്തിന്മേൽ പതിക്കുന്ന പ്രകാശരശ്മികളുടെ ഒരു ഭാഗം പ്രതിഫലിച്ച് നമ്മുടെ കണ്ണുകളിൽ പതിക്കുന്നതുകൊണ്ടാണ്. സ്പെയ്സ് (സ്ഥലം) ഇപ്രകാരം പ്രകാശം പ്രതിഫലിപ്പിക്കുന്നില്ല; പ്രകാശരശ്മികൾ ഒട്ടും പ്രതിഫലിക്കാതെ സ്പെയിസിലൂടെ സഞ്ചരിക്കുക മാത്രമാണ് ചെയ്യുന്നത്. സ്പെയ്സിലൂടെ സഞ്ചരിക്കുന്ന പ്രകാശരശ്മികൾ ഏതെങ്കിലും ഒരു ദ്രവ്യത്തിന്മേൽ തട്ടുമ്പോൾ അവ പ്രതിഫലിക്കുകയും നാം ആ ദ്രവ്യത്തെ കാണുകയും ചെയ്യുന്നു. സ്പെയ്സിന് പ്രകാശത്തെ പ്രതിഫലിപ്പിക്കുവാൻ കഴിവില്ല; ദ്രവ്യത്തിനു മാത്രമേ ആ കഴിവ് ഉള്ളൂ; അതിനാൽ ദ്രവ്യത്തെ മാത്രമേ നാം കാണുന്നുള്ളു. ബസ്സിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റിൽ സ്പെയ്സ് നാം കാണുന്നു എന്നു പറയുന്നതിന്റെ വാസ്തവത്തിലുള്ള അർത്ഥം ആ സ്ഥലത്ത് ദ്രവ്യത്തെ നാം കാണുന്നില്ല എന്നുമാത്രമാണ്. നമുക്ക് ഒരിക്കലും കാണാൻ സാധിക്കാത്തതും നാം ഒരിക്കലും കണ്ടിട്ടില്ലാത്തതുമായ സ്പെയ്സിന്റെ അസ്തിത്വത്തിൽ നാം വിശ്വസിക്കുന്നു. അതുകൊണ്ടാണ് ദ്രവ്യം സ്പെയ്സ് ഉപയോഗിച്ചുകൊണ്ട് സ്പെയ്സിൽ സ്ഥിതിചെയ്യുന്നു എന്നു നാം പറയുന്നത്. ഇത് യുക്ത്യാനുസാരമായ വിശ്വാസമാണ്, അന്ധവിശ്വാസമല്ല എന്ന് എല്ലാവരും സമ്മതിക്കുന്നു. കാര്യകാരണസഹിതം ഒരു സംഗതി സത്യമാണെന്ന് നാം അറിയുന്നു എങ്കിൽ ആ അറിവിന് യുക്ത്യാനുസാരവിശ്വാസം എന്നാണ് നാം പറയേണ്ടത്. ഇതിന്റെ മറുവശം എന്താണ്? കാര്യകാരണസഹിതം ഒരു സംഗതി സത്യമാണെന്ന് നാം അറിയാതിരിക്കുമ്പോൾ അത് സത്യമാണെന്ന് നാം പരിഗണിക്കുന്നു എങ്കിൽ ആ വിശ്വാസം അന്ധവിശ്വാസമാണ്. ഇക്കാരണത്താലാണ് സ്പെയ്സ് ദ്രവ്യത്തിന്റെ ഗുണമാണ് എന്ന് കാര്യകാരണസഹിതം മനസ്സിലാക്കാതെ (തെളിയിക്കാതെ) ആ ആശയം സത്യമാണെന്ന് ലേഖനകാരൻ പറഞ്ഞപ്പോൾ അത് അദ്ദേഹത്തിന്റെ അന്ധവിശ്വാസമാണെന്ന് ഇതിനു മുമ്പ് സൂചിപ്പിച്ചത്.

**"തെളിയിക്കുക" എന്ന പദം.**

"വസ്തുനിഷ്ഠമായി തെളിയിക്കാൻ പറ്റാത്തതിനെ" എന്ന പദപ്രയോഗത്തിലെ "തെളിയിക്കാൻ" എന്ന പദം പ്രത്യേകം പരിശോധിക്കേണ്ടിയിരിക്കുന്നു. ഒരു കാര്യം ശരിയാണെന്ന് തെളിയിക്കുന്നത് എങ്ങനെയാണ്? ശരിയെന്ന് നേരത്തെ തന്നെ നാം അറിയുന്ന ചില തത്ത്വങ്ങളുടെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ശരിയെന്നു കണ്ടെത്തുന്ന പ്രക്രിയയ്ക്കാണ് തെളിയിക്കുക എന്നു പറയുന്നത്. മണിക്കൂറിൽ 60 കിലോമീറ്റർ വേഗത്തിൽ ഓടുന്ന ഒരു ട്രെയിൻ അഞ്ചുമണിക്കൂർ കൊണ്ട് 300 കിലോമീറ്റർ അകലെയുള്ള ഒരു സ്റ്റേഷനിൽ എത്തുമെന്ന് നാം തെളിയിക്കുന്നത് നാം ശരിയെന്ന് നേരത്തെ അറിഞ്ഞിട്ടുള്ള ചില ഗണിതശാസ്ത്ര തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ കണക്ക് കൂട്ടുന്നതിലൂടെയാണ്. പരസ്പരം നേരെ എതിർദിശയിൽ രണ്ടു വസ്തുക്കൾ ഒരേസമയം നീങ്ങിക്കൊണ്ടിരിക്കുകയാണെങ്കിൽ അവ തമ്മിൽ കൂട്ടിമുട്ടും എന്നും നമുക്കറിയാം; ഈ അറിവ് പരീക്ഷണനിരീക്ഷണങ്ങളിലൂടെ നാം നേടിയെടുക്കുന്നതല്ല; റോഡിലൂടെ, നമ്മുടെ നേരെ എതിർദിശയിൽ വന്നുകൊണ്ടിരിക്കുന്ന വാഹനങ്ങളുടെ മുമ്പിലേക്ക് നമ്മുടെ വാഹനം നേരെ കൊണ്ടുവന്ന് ഇടിപ്പിച്ച് പരീക്ഷണം നടത്തി നാം നേടിയെടുക്കുന്ന അറിവല്ല. ഈ അറിവ് നേരത്തെ തന്നെ നമ്മുടെ മനസ്സിന്റെ ഉള്ളിലുള്ളതിനാൽ, ആ അറിവിൻപ്രകാരം നമ്മുടെ എതിർദിശയിൽ നിന്ന് നമ്മുടെ വാഹനത്തിനുനേരെ ഒരു വാഹനം വരുന്നതായി കാണുമ്പോൾ നമ്മുടെ വാഹനത്തിന്റെ ദിശയിൽ വ്യത്യാസം വരുത്തി നാം കൂട്ടിയിടി ഒഴിവാക്കുകയാണ് ചെയ്യുന്നത്. രണ്ട് സമാന്തര രേഖകൾ എത്ര അകലത്തിലേക്ക് നീട്ടിയാലും അവ തമ്മിൽ കൂട്ടിമുട്ടുകയില്ല എന്ന് നമുക്കറിയാം; സമാന്തര രേഖകൾ അനന്തതയിലേക്ക് നീട്ടിവലിച്ച് അവ തമ്മിൽ കൂട്ടിമുട്ടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടല്ല ഈ സത്യം നാം കണ്ടുപിടിക്കുന്നത്. ഗണിതശാസ്ത്രത്തിന്റെ എല്ലാം അടിസ്ഥാന തത്ത്വങ്ങളും നമ്മുടെ മനസ്സാക്ഷിയിലെ നീതിബോധത്തിന്റെ എല്ലാ ആശയങ്ങളും നമ്മുടെ മനസ്സിന്റെ ഉള്ളിന്റെ ഉള്ളിലുള്ളഅടിസ്ഥാന ജ്ഞാനത്തിന്റെ ഭാഗങ്ങളാണ്. (തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# യേശുവിന്റെ നിലപാടുകൾ

ദൈവപുത്രനായ ക്രിസ്തു വന്നത് പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാനാണ് (1 യോഹ. 3:8). ഇന്നു നമ്മിൽ വസിക്കുന്ന അവിടുന്ന് ലോകത്തിലുള്ളവനെക്കാൾ വലിയവനാണ് (1 യോഹ. 4:4). തന്നിലുള്ള വിശ്വാസത്താൽ നാം ഈ ലോകത്തെ ജയിച്ചു മുന്നേറുന്നു (1 യോഹ. 5:4). യോഹന്നാൻ അപ്പൊസ്തലൻ ക്രിസ്തീയ ജീവിതത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തെ ഈ വിധത്തിൽ ചിത്രീകരിക്കുമ്പോൾ അതു വളരെ എളുപ്പമായി തോന്നും.

എന്നാൽ പ്രായോഗിക വശത്തു ക്രിസ്തീയ ജീവിതത്തിൽ വേണ്ട പുരോഗതി കൈവരിക്കാതെ പലരും തട്ടിത്തടഞ്ഞു നിന്നു പോകുന്നു. കാലം നോക്കിയാൽ ഉപദേഷ്ടാക്കന്മാരായിരിക്കേണ്ടവരാണവർ. എന്നാൽ പാൽ കുടിക്കുന്ന ശിശുക്കളുടെ അവസ്ഥയിലാണിന്നും. അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ച അവസ്ഥയിൽ നിന്നു ദൈവം അവരെ ജീവിപ്പിച്ചു. എന്നാൽ അവിടെനിന്നു പ്രതീക്ഷപോലെ മുന്നോട്ടു പോകാൻ കഴിയുന്നില്ല. എന്തുകൊണ്ടാണിത്?

അക്ഷരാർത്ഥത്തിൽത്തന്നെ മരിച്ച ഒരുവനെ യേശു ഉയിർപ്പിച്ച സംഭവം യോഹന്നാന്റെ സുവിശേഷം 11-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. യേശു ലാസറിനെ ഉയിർപ്പിച്ചുവെങ്കിലും അവനു പ്രതീക്ഷിച്ചതുപോലെ മുന്നോട്ടു നീങ്ങാൻ കഴിഞ്ഞില്ല. കാരണം, അവന്റെ കാലും കൈയും ശീലകൊണ്ടു കെട്ടിയും മുഖം റൂമാൽകൊണ്ടു മൂടിയുമിരുന്നു. പിന്നെയെങ്ങനെ മുന്നോട്ടു പോകും? യേശു അതുകൊണ്ട് ഇങ്ങനെ കൽപിച്ചു: "അവന്റെ കെട്ടഴിപ്പിൻ അവൻ പോകട്ടെ" (വാക്യം 44).

പാപമരണത്തിൽ നിന്നു ഉയിർപ്പിക്കപ്പെട്ടെങ്കിലും ഇന്നു പല വിശ്വാസികൾക്കും മുന്നോട്ടു പോകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമായ കാഴ്ചപ്പാടുകളുടെയും നിർണ്ണയങ്ങളുടെയും അഭാവമാണ്. പാപം മാത്രമല്ല, കൃത്യമായ ബോധ്യങ്ങളുടെയും നിലപാടുകളുടെയും വ്യക്തതയില്ലായ്മയും നമ്മുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന ശീലകളും ഉറുമാലുകളുമായി മാറാം. ഇതു സംഭവിക്കാതിരിക്കാൻ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നാം മാതൃക ആക്കേണ്ടതുണ്ട്.

ഇതിനോടുള്ള ബന്ധത്തിൽ ഐഹിക ജീവിതകാലത്ത് യേശു കൈക്കൊണ്ട അഞ്ചു നിലപാടുകൾ ശ്രദ്ധിക്കാം. ഈ നിലപാടുകളാണ് വ്യക്തതയോടെ സ്വാതന്ത്ര്യത്തോടെ മുന്നോട്ടു പോകാൻ യേശുവിനെ സഹായിച്ചത്.

## സ്വയം അറിയുക:

യേശു പിന്നെയും അവരോടു സംസാരിച്ചു: "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു" (യോഹ. 8:12). സുവിശേഷങ്ങളിൽ 18 പ്രാവശ്യം യേശു സ്വയം നിർവ്വചിച്ചിട്ടുണ്ട് - ഞാൻ വെളിച്ചമാകുന്നു. ഞാൻ നല്ലിടയനാകുന്നു. ഞാൻ വാതിലാകുന്നു... എന്നിങ്ങനെ. യേശുവിനു തന്നെക്കുറിച്ചുതന്നെ വളരെ വ്യക്തമായ ബോധ്യമുണ്ടായിരുന്നു. താനാരാണ് എന്നതിനെക്കുറിച്ച് ഒരു സംശയവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഈ ഉറപ്പാണ് അർത്ഥശങ്കയ്ക്ക് ഇടയില്ലാതെവണ്ണം സ്വയം നിർവ്വചിക്കുവാൻ യേശുവിനെ സഹായിച്ചത്.

ഇതുപോലെ ദൈവമുമ്പാകെയുള്ള നമ്മുടെ സ്ഥാനത്തെക്കുറിച്ചു നമുക്കു ബോധ്യമുണ്ടോ? 'പിതാവ് യേശുവിനെ സ്നേഹിക്കുന്നതുപോലെ നമ്മെയും സ്നേഹിക്കുന്നു' (യോഹ. 7:23) 'നാം യേശുവിന്റെ ഇളയ സഹോദരന്മാരാണ്' (എബ്രാ. 2:11-13). യേശു ആയിരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ആയിരിക്കുന്നു (1 യോഹ. 4:17). ഇതെല്ലാമാണ് ദൈവമുമ്പാകെയുള്ള നമ്മുടെ സ്ഥാനം. വിശ്വാസമാണ് ഈ ഉറപ്പിൽ നമ്മെ നിർത്തുന്നത്. എന്നാൽ ഇതേ കാര്യത്തിൽത്തന്നെ നമ്മുടെവിശ്വാസത്തിന്റെ സ്ഥിരതയെ പിശാച് പരീക്ഷിക്കും. യേശുവിന്റെ കാര്യത്തിൽപോലും ഇങ്ങനെ സംഭവിച്ചു. പിശാച് മരുഭൂമിയിൽ യേശുവിനെ പരീക്ഷിച്ചപ്പോൾ "നീ ദൈവപുത്രനെങ്കിൽ ....?" എന്നാവർത്തിച്ചു ചോദിച്ചത്. ശ്രദ്ധിക്കുക, ഇന്നും ഇതേ തന്ത്രം വിശ്വാസികളുടെ നേരെ അവൻ കൊണ്ടുവരും. അതുകൊണ്ടു ജാഗരൂകരായിരിക്കാം. ദൈവമുമ്പാകെയുള്ള നമ്മുടെ സ്ഥാനത്തെക്കുറിച്ചും പദവിയെക്കുറിച്ചുമുള്ള വലിയ ഉറപ്പാണ് നമ്മുടെ വിശ്വാസത്തിന്റെ ചുവടുകൾക്കു ദൃഢത നൽകുന്നത്.

## വ്യക്തമായ ലക്ഷ്യബോധം:

യേശു പറഞ്ഞു: "ഞാൻ എവിടെ നിന്നു വന്നു എന്നും എവിടേക്കു പോകുന്നു എന്നും ഞാൻ അറിയുന്നു" (യോഹ. 8:14). തന്റെ ജീവിതത്തിന്റെ ആത്യന്തികലക്ഷ്യത്തെക്കുറിച്ച് യേശുവിന് വലിയ ബോധ്യമുണ്ടായിരുന്നു. അതുകൊണ്ട് യേശു തന്റെ മുൻഗണനകളെ ലക്ഷ്യത്തിനനുസരിച്ച് ക്രമീകരിച്ചു. നിഗളത്തിന്റെയും മത്സരത്തിന്റെയും പടികൾ കയറി പാപത്തിൽ വീണുപോയ മനുഷ്യനെ താഴ്മയിലൂടെ വീണ്ടെടുക്കാനുള്ള തന്റെ രക്ഷാകരദൗത്യത്തെക്കുറിച്ച് യേശുവിനു വ്യക്തമായി അറിയാമായിരുന്നു. അന്ത്യദിനത്തിൽ യേശു ശിഷ്യന്മാരുടെ പാദം കഴുകുന്ന രംഗത്തെ യോഹന്നാൻ അതുകൊണ്ടുതന്നെ ഇങ്ങനെയാണ് വിവരിച്ചിരിക്കുന്നത്: 'താൻ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നു എന്നും ദൈവത്തിന്റെ അടുക്കൽ പോകുന്നു എന്നും യേശു അറിഞ്ഞിരിക്കെ അത്താഴത്തിൽ നിന്നെഴുന്നേറ്റ്.... ശിഷ്യന്മാരുടെ കാൽ കഴുകുവാൻ തുടങ്ങി (13:3-5). ലക്ഷ്യത്തെക്കുറിച്ചുള്ള ബോധ്യം തന്റെ പ്രവർത്തനത്തെ എങ്ങനെ സ്വാധീനിച്ചു എന്ന് കാണുക!

പാപത്തിൽനിന്നു ഉയിർക്കപ്പെട്ട വിശ്വാസികളിൽ എത്ര പേർക്ക് തങ്ങളുടെ ക്രിസ്തീയ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യത്തെക്കുറിച്ച് ഈ വിധത്തിലുള്ള ബോധ്യമുണ്ട്? അത് അവരുടെ പ്രവർത്തനവിധത്തെ സ്വാധീനിക്കാറുണ്ടോ? ഒരു വിശ്വാസിയെ ദൈവം വിളിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം അപ്പൊസ്തലനായ പൗലൊസ് ഇങ്ങനെയാണ് നിർവ്വചിക്കുന്നത്: അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു.' ഈ ലക്ഷ്യത്തിലേക്കാണ് പോകേണ്ടത് എന്ന വ്യക്തത 'സ്നേഹിതാ' താങ്കൾക്കുണ്ടോ?

## പ്രസാദിപ്പിക്കേണ്ടത് ആരെ?

യേശു പറഞ്ഞു: "ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്യുവാൻ ഇച്ഛിക്കുന്നത്" (യോഹ. 5:30). ആരുടെ ഇഷ്ടം ചെയ്യണം; ആരെ പ്രസാദിപ്പിക്കണം എന്ന കാര്യത്തിൽ യേശുവിനു വ്യക്തമായ ധാരണയുണ്ടായിരുന്നു. ദൈവത്തെ പ്രസാദിപ്പിക്കുന്ന വഴിയിൽ സ്വന്ത ഇഷ്ടത്തെ നിരസിക്കേണ്ടതുണ്ടെന്നും യേശുവിനറിയാമായിരുന്നു. അതുകൊണ്ട് "യേശു തന്നിൽതന്നെ പ്രസാദിച്ചില്ല" (റോമ. 15:3).

ഇന്നു പല വിശ്വാസികളും ദൈവത്തെയും ഒപ്പം മനുഷ്യരെയും പ്രസാദിപ്പിക്കണം എന്നു കരുതുന്നതുകൊണ്ട് അവരുടെ ക്രിസ്തീയജീവിതത്തിന്റെ പുരോഗതി തടസ്സപ്പെട്ടിരിക്കുകയാണ്. എന്നാൽ പൗലൊസ് ഇത്തരക്കാർക്ക് ഇങ്ങനെ മുന്നറിയിപ്പു നൽകുന്നു: "ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നത്? അല്ല ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യനെ പ്രസാദിപ്പിക്കുന്നുവെങ്കിൽ ദൈവത്തിന്റെ ദാസനായി ഇരിക്കുകയില്ല." (ഗലാ. 1:10). യേശുവിനു പോലും എല്ലാ മനുഷ്യരെയും പ്രസാദിപ്പിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ നാം എന്തിന് അതിനു വൃഥാ ശ്രമിക്കണം? അതുപോലെ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നു എന്നു കരുതുന്ന പലരും തങ്ങളോടു തന്നെ നിർദ്ദയം സത്യസന്ധരായാൽ വാസ്തവത്തിൽ തങ്ങൾ ദൈവേഷ്ടമല്ല, സ്വന്ത ഇഷ്ടമാണ് ചെയ്യുന്നത് എന്നു കണ്ടെത്തും. ദൈവത്തെ പ്രസാദിപ്പിക്കുന്നതിന്റെ മറവിൽ സത്യത്തിൽ അവർ പ്രസാദിപ്പിക്കുന്നത് തങ്ങളെത്തന്നെയാണ്! പൗലോസ് വിശ്വാസത്തിൽ തന്റെ നിജപുത്രനായ തിമൊഥെയോസിനു നൽകുന്ന നിർദ്ദേശം നമുക്കും സ്വീകരിക്കാം: "പട ചേർത്തവനെ മാത്രം പ്രസാദിപ്പിക്കുക" (2 തിമൊ. 2:4).

# നിഷേധത്തിന്റെ കുരിശടയാളം



ഹിമാലയ സാനുക്കളിലെ വനാന്തരങ്ങളിലൊന്നിലൂടെ നടന്നുപോകവേ, തളർന്നുപോയ സാധുസുന്ദരസിംഗ് ഒരു കാട്ടരുവിയുടെ ഓരത്ത് വിശ്രമത്തിനായി ഇരുന്നു. അടിത്തട്ടുപോലും കാണത്തക്കവിധം പരന്നൊഴുകുന്ന കണ്ണീരുപോലെ ശുദ്ധമായ ജലം. ആ കാട്ടുചോലയിൽ നിന്ന് ദാഹം തീർത്ത് കയറിയ അദ്ദേഹം ഒരു കൗതുകത്തിന് അരുവിയുടെ അടിത്തട്ടിൽനിന്ന് ഒന്നുരണ്ട് ഉരുളൻ കല്ലുകൾ കയ്യിലെടുത്തു. മിനുസമുള്ള ആ കല്ലുകൾ കൈയിലെടുത്ത് ഓമനിക്കുമ്പോൾ അദ്ദേഹം ശ്രദ്ധിച്ചു-ഉവ്വ്. ഈ കല്ലുകളുടെ ഉപരിതലത്തിൽ ഒരു നനവുണ്ട്. എന്നാൽ ഈ കല്ലുപൊട്ടിച്ച് അതിന്റെ ഉള്ളിലേക്ക് കടന്നു നോക്കിയാലോ? ഇല്ല അതിന്റെ ഉള്ളിൽ ഉപരിതലത്തിലുള്ള നനവിന്റെ, ആർദ്രതയുടെ ഒരു കണികപോലും കാണുകയില്ല. വെള്ളത്തിലാണ് ഉരുളൻ പാറക്കല്ലിന്റെ കിടപ്പ്. അതിനു മുകളിലും താഴെയും വശങ്ങളിലും കൂടെ തൊട്ടുരുമ്മി എത്രയോ വർഷങ്ങളായി ജലം ഒഴുകിപ്പോകുന്നു. പക്ഷേ അതിൽ ഒരു തുള്ളിപോലും നനവിന്റെ ഒരു കണികപോലും ഉള്ളിലേക്ക് കടന്നിട്ടില്ല.

ഈ സംഭവം വിവരിച്ചുകൊണ്ട് പിന്നീടൊരിക്കൽ സാധുസുന്ദരസിംഗ് എഴുതി. ഉപരിതല സ്പർശിയായ ഇത്തരം ഒരു ക്രിസ്തീയതയുണ്ട്. ക്രിസ്തുവിന്റെ ചൈതന്യം ഹൃദയത്തിലേക്ക്, ആത്മാവിലേക്ക് കടക്കാത്ത, ആഴംകുറഞ്ഞ, ഉപരിപ്ലവമായ ഒരു ക്രിസ്തീയത.

മാരാമൺ കൺവൻഷനിൽ പ്രസംഗിക്കുവാൻ ഒരിക്കൽ കേരളത്തിലെത്തിയപ്പോഴും സാധുസുന്ദരസിംഗ് ഈ ഉദാഹരണം പറഞ്ഞതായി കേട്ടിട്ടുണ്ട്. ക്രിസ്തീയപ്രവർത്തനങ്ങളാലും സുവിശേഷപ്രഘോഷണങ്ങളാലും പൂരിതമായ കേരളത്തിൽ തലമുറകൾ ജീവിച്ചിട്ടും ഉപരിതലസ്പർശിയായ ഒരു ക്രിസ്തീയതയെ ഇന്നും താലോലിക്കുന്ന മലങ്കരയിലെ നസ്രാണികളോട് ഒരു താക്കീത് എന്നവണ്ണം!

'എന്റെ പിന്നാലെ വരിക' എന്നുപറഞ്ഞ് നടന്നുപോയ നസറായ ഗുരുവിനെ അനുഗമിക്കുന്നതാണ് ക്രിസ്തീയ ജീവിതം. അങ്ങനെയെങ്കിൽ ഉപരിതലസ്പർശിയായ ഒരു ക്രിസ്തീയതയേയും ആഴമുള്ള ഒരു ക്രിസ്തീയ ജീവിതത്തേയും നമുക്ക് എങ്ങനെയാണ് തിരിച്ചറിയാൻ കഴിയുന്നത്? യഥാർത്ഥ മുത്തിനേയും അനുകരണത്തേയും എങ്ങനെ വേർതിരിച്ചു മനസ്സിലാക്കാം? ക്രിസ്തീയതയുടെ ചൈതന്യം ഹൃദയത്തിൽ സ്വാംശീകരിച്ചിട്ടുണ്ടോ എന്ന് എപ്പോഴാണ് വെളിവാകുന്നത്? പ്രായോഗിക ജീവിതത്തിൽ അടിസ്ഥാന പ്രശ്നങ്ങളോടുള്ള ഒരുവന്റെ പ്രതികരണം അതിലേക്ക് വെളിച്ചം വീശും. പണം, പ്രതാപം, ബഹുമാനം, സാമൂഹിക അംഗീകാരം, സമ്പത്ത് എന്നിവയോടുള്ള അവന്റെ മനോഭാവം അതു വ്യക്തമാക്കും. അത്ഭുതമെന്നു പറയട്ടെ. ഇവയോട് അടുത്തുവരുമ്പോൾ വ്യത്യസ്ത ഉപദേശങ്ങളും വിഭിന്നമായ നടപടിക്രമങ്ങളും ഉള്ള വിവിധ വിഭാഗങ്ങളിൽ പെടുന്ന ക്രിസ്ത്യാനികളും ഒരേ മട്ടിൽ പെരുമാറുന്നത് കാണാം. ഫ്രഞ്ചുനാസ്തികൻ വോൾട്ടയർ ഒരിക്കൽ പറഞ്ഞു: 'ക്രിസ്ത്യാനികൾക്കിടയിൽ വ്യത്യസ്ത വിശ്വാസങ്ങൾ പുലർത്തുന്നവരും വിവിധ വിഭാഗങ്ങളിൽപ്പെടുന്നവരുമുണ്ട്. എന്നാൽ പണത്തിന്റെ കാര്യം വരുമ്പോൾ അവരെല്ലാം ഒരേ വിഭാഗത്തിൽപ്പെടുന്നു; ഒരേ വിശ്വാസം പുലർത്തുന്നു.' ഈ വിമർശനം ഒരു സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത് - അടിസ്ഥാന പ്രശ്നങ്ങളോടുള്ള നമ്മുടെ മനോഭാവത്തിലും പ്രതികരണത്തിലും ഒരു സ്വയനിഷേധത്തിന്റെ മുദ്ര പതിഞ്ഞിട്ടില്ലെങ്കിൽ നമ്മുടെ ക്രിസ്തീയത ഉപരിതലസ്പർശിയാണ്. സംശയമില്ല.

തന്നെ അനുഗമിക്കുന്നവരുടെ-ബന്ധങ്ങളുടെയും അവരുടെ കൈവശം ഉള്ളതിന്റെയും എന്തിന്, സ്വന്ത ജീവന്റെ തന്നേയും മേൽ ഇത്തരം നിഷേധത്തിന്റെ ഒരു 'കുരിശടയാളം' ഉണ്ടായിരിക്കണമെന്ന് യേശു ആവശ്യപ്പെട്ടു (ലൂക്കോ. 14:25-35). സ്വന്ത ജീവിതത്തിൽ ഉടനീളം ഈ ക്രൂശ് വഹിച്ചശേഷമാണ് തന്നെ അനുഗമിപ്പാൻ ആഗ്രഹിച്ചവരുടെ മുമ്പിൽ യേശു ഈ നിബന്ധന വച്ചത് 'ഗുരുവിനെപ്പോലെയാകുന്നത് ശിഷ്യനുമതി' (മത്താ. 10:25). ഈ കുരിശ് വഹിക്കാത്ത ശിഷ്യത്വത്തിൽ കുറഞ്ഞുള്ളതെല്ലാം ഉപരിതലസ്പർശിയായ ക്രിസ്തീയതയാണ്.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598




# വേദപുസ്തകവും ആധുനികശാസ്ത്രവും

വേദശാസ്ത്ര പഠനപരമ്പര 3

**ദൈ**വത്തെക്കുറിച്ച് അറിയാവുന്നത് (മനുഷ്യർക്ക്) വെളിവായിരിക്കുന്നു. ദൈവം അവർക്കു വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു. അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ട തിനുതന്നേ (റോമ. 1:19,20).

ദൈവം അദൃശ്യനായിരിക്കെ ദൈവം ഉണ്ട് എന്നു നാം എങ്ങനെ അറിയുന്നു എന്നു പൗലൊസ് അപ്പോസ്തലൻ ഈ വാക്യങ്ങളിൽ വ്യക്തമാക്കുന്നു. ശ്രദ്ധിക്കുക, മനുഷ്യനും അദൃശ്യനാണ്. നൂറോ, നൂറ്റിയൻപതോ പൗണ്ടു തൂക്കമുള്ള ഒരു മാംസപിണ്ഡമല്ല നിങ്ങൾ. അതു നിങ്ങളുടെ ശരീരം മാത്രമാണ്. അതിനുള്ളിൽ വസിക്കുന്ന ഒരു ആന്തരീക മനുഷ്യനാണ് നിങ്ങൾ. നിങ്ങളെ ആരും കണ്ടിട്ടില്ല. നിങ്ങൾ ഉണ്ടെന്നും നിങ്ങൾ എങ്ങനെയുള്ള ആളാണെന്നും മറ്റുള്ളവർ അറിയുന്നത് നിങ്ങളുടെ പ്രവൃത്തികൾ മുഖേന യാണ്. നിങ്ങളുടെ ശരീരത്തിൽ നിന്നു മരണം മുഖേന നിങ്ങൾ വേർപെടുമ്പോൾ ശരീരം നിർജ്ജീവമായിത്തീരുന്നു. അതിന് സ്വതവെ പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. അതുപോലെ നിർജ്ജീവമായ ഈ പ്രപഞ്ചത്തെ പ്രവർത്തിപ്പിക്കുന്ന വ്യക്തിയാണു ദൈവം. നിശ്ചലാവസ്ഥയിലിരിക്കുന്ന വസ്തുവിനു സ്വതവേ ചലിക്കുവാൻ സാധിക്കുകയില്ലെന്നും ചലിച്ചുകൊണ്ടിരിക്കുന്ന വസ്തുവിനു സ്വതവെ നിശ്ചലാവസ്ഥ വീണ്ടെടുക്കുവാൻ സാധിക്കുകയില്ലെന്നും ന്യൂട്ടൻ എന്ന ശാസ്ത്രജ്ഞൻ സമർത്ഥിച്ചിട്ടുണ്ട്. (ന്യൂട്ടന്റെ ഒന്നാം ചലന നിയമം) വസ്തുമയമായ ഈ പ്രപഞ്ചം നിർജ്ജീവമായ ഒരു ശരീരത്തിനു തുല്യമാണ്. അതിനു സ്വതവേ പ്രവർത്തിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഈ പ്രപഞ്ചത്തിൽ കാണുന്ന പ്രവർത്തനങ്ങളിൽ നിന്നു ആ പ്രവർത്തനങ്ങൾക്കു കാരണഭൂതനായ ഒരു വ്യക്തിയുണ്ടെന്നു മനസ്സിലാക്കാം. ആ വ്യക്തിയാണ് ദൈവം.



ഓടിക്കൊണ്ടിരിക്കുന്ന ഒരു കാറിലെ ഡ്രൈവർ പെട്ടെന്നു മരിച്ചുപോയാൽ എഞ്ചിന്റെയും പെട്രോളിന്റെയും സഹായത്താൽ കാർ തുടർന്നു ഓടുമെങ്കിലും ആ പോക്ക് അപകടം നിറഞ്ഞതായിരിക്കും. ഒരു കാറിന്റെ ഫലപ്രദമായ പ്രവർത്തനത്തിനു എഞ്ചിനും പെട്രോളും മാത്രമല്ല, വിദഗ്ദ്ധനായ ഒരു ഡ്രൈവറും ആവശ്യമാണ്. അതുപോലെ ഈ പ്രപഞ്ചത്തിന്റെ ഫലപ്രദമായ പ്രവർത്തനം കാണുമ്പോൾ പ്രപഞ്ചത്തെ പ്രവർത്തിപ്പിക്കുന്ന ദൈവം ബുദ്ധിമാനാണെന്നു നാം ഗ്രഹിക്കുന്നു.

പ്രപഞ്ചത്തിലെ വസ്തുക്കളെല്ലാം പരസ്പരം ആകർഷിച്ചുകൊണ്ടിരിക്കയാണ്. ഭൂമിയെ സൂര്യനിൽനിന്നു ഏതാണ്ട് 9.3 കോടി മൈൽ അകലെയുള്ള ഒരു വൃത്തത്തിൽ ചലിപ്പിച്ചുകൊണ്ടിരിക്കുന്നത് സൂര്യനും ഭൂമിയും തമ്മിലുള്ള ആകർഷണ ശക്തിയാണ്. 5000 മൈൽ വണ്ണം (വ്യാസം) ഉള്ള ഒരു ഉരുക്കു ദണ്ഡിനെ പൊട്ടിക്കുവാൻ മതിയായതാണ് ഭൂമിക്കും സൂര്യനും തമ്മിലുള്ള ആകർഷണശക്തി. ഈ ഭീമമായ ആകർഷണശക്തി എങ്ങനെ ഉളവാകുന്നുവെന്നു ശാസ്ത്രജ്ഞന്മാർക്കു മനസ്സിലാകുന്നില്ല. അതു ദൈവത്തിന്റെ സൃഷ്ടിമാഹാത്മ്യമാണ്. നക്ഷത്രമുള്ള രാത്രിയിൽ മുകളിലോട്ടു നോക്കിയാൽ ആകാശത്തിന്റെ ഒരറ്റം മുതൽ മറ്റെ അറ്റം വരെ എത്തുന്ന ഒരു വെളുത്ത പാടു കാണാം. ഇതു ക്ഷീരപഥം അഥവാ ആകാശ ഗംഗ(Milky way) എന്നു പേരുള്ള ഒരു നക്ഷത്ര സമൂഹമാണ്. ക്ഷീരപഥത്തിലുള്ള ഒരു ചെറിയ നക്ഷത്രമാണു സൂര്യൻ. അതിനു ചുറ്റും ഭ്രമണം ചെയ്യുന്ന ഒരു ചെറിയ ഗ്രഹമാണു ഭൂമി. ക്ഷീരപഥത്തിൽ സൂര്യനെപ്പോലുള്ള 200 കോടിയോളം നക്ഷത്രങ്ങൾ ഉണ്ടെന്നു ശാസ്ത്രജ്ഞന്മാർ ഊഹിക്കുന്നു. പ്രപഞ്ചത്തിൽ ക്ഷീരപഥം പോലുള്ള നൂറു കോടിയോളം നക്ഷത്ര സമൂഹങ്ങൾ ഉണ്ടെന്നു അവർ ഗണിക്കുന്നു. ക്ഷീരപഥത്തിലുള്ള സൂര്യനും ഇതര നക്ഷത്രങ്ങളും ക്ഷീരപഥത്തിന്റെ കേന്ദ്രത്തിനു ചുറ്റും അനേകം കോടി മൈൽ ആരമുള്ള വൃത്തങ്ങളിൽ കറങ്ങിക്കൊണ്ടിരിക്കുകയാണ്.

സൂര്യന്റെ അതിവേഗമുള്ള ഈ ചലനത്തെയാണ് "ആകാശത്തിന്റെ അറ്റത്തു നിന്നു അതിന്റെ ഉദയവും അറുതിവരെ അതിന്റെ അയനവും ആകുന്നു" എന്നു വേദപുസ്തകത്തിൽ ചിത്രീകരിച്ചിരിക്കുന്നത് (സങ്കീ. 19:6). അവ വളരെ ശക്തിയോടെ പരസ്പരം ആകർഷിക്കുന്നു. എല്ലാ നക്ഷത്രസമൂഹങ്ങളും ഈ നിയമങ്ങൾക്കു വിധേയമാണ്. നക്ഷത്രങ്ങൾ പരസ്പര ആകർഷണത്തിന് വിധേയമായി കൂട്ടിയിടിച്ചാൽ നക്ഷത്രസമൂഹത്തിന്റെ സമനില നഷ്ടപ്പെടുകയും ചില നിമിഷങ്ങൾക്കുള്ളിൽ ഭൂമി വെന്ത് വാതകമായിത്തീരുകയുംചെയ്യും. അനേകായിരം വർഷങ്ങളായി അഖിലാണ്ഡത്തെ സമനിലയിൽ (Balance or equilibrium) നിറുത്തിയിരിക്കുന്നത് സർവ്വശക്തനായ ദൈവമല്ലാതെ മറ്റാരാണ്? മൗണ്ട് പലോമറിലുള്ള 200 ഇഞ്ചു ടെലിസ്ക്കോപ്പിൽ കൂടെ വാനഗോളങ്ങളുടെ ചലനത്തെ നിരീക്ഷിച്ചശേഷം ദൈവം ഇല്ല എന്നു പറയുവാൻ തുനിയുന്ന ശാസ്ത്രജ്ഞൻ ഭ്രാന്തനാണെന്നു ഒരു ജ്യോതിശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിരിക്കുന്നു. അതെ, ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു (സങ്കീ. 19:1).

## അണുവിന്റെ മുമ്പിൽ ശാസ്ത്രം മുട്ടുകുത്തുന്നു.

യഹോവ തന്റെ ശക്തിയാൽ ഭൂമിയെ സൃഷ്ടിച്ചു. തന്റെ ജ്ഞാനത്താൽ ഭൂമണ്ഡലത്തെ സ്ഥാപിച്ചു, തന്റെ വിവേകത്താൽ ആകാശത്തെ വിരിച്ചു (യിരെ. 10:12). അവൻ കൽപ്പിച്ചിട്ട് അവ സൃഷ്ടിക്കപ്പെട്ടിരിക്കയാൽ അവ യഹോവയുടെ നാമത്തെ സ്തുതിക്കട്ടെ (സങ്കീ. 148:5). താൻ വല്ലതും അറിയുന്നുവെന്നു ഒരുത്തനു തോന്നുന്നുവെങ്കിൽ അറിയേണ്ടതുപോലെ അവൻ ഇന്നുവരെ ഒന്നും അറിഞ്ഞിട്ടില്ല (1 കൊരി. 8:2).

ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു എന്നു വളരെ ചുരുക്കത്തിൽ നാം മനസ്സിലാക്കുകയുണ്ടായല്ലോ. ആകാശം തന്നെയല്ല, പ്രപഞ്ചത്തിലെ സകല ചരാചരങ്ങളും ദൈവത്തിന്റെ ശില്പവൈദഗ്ദ്ധ്യം വെളിപ്പെടുത്തുന്നു. അതിസൂക്ഷ്മമായ അണുവിൽ വിളങ്ങുന്ന ദൈവത്തിന്റെ ജ്ഞാനത്തെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നു.

വസ്തുക്കളുടെ ഘടനയെക്കുറിച്ചു വിവിധ സിദ്ധാന്തങ്ങൾ മുൻകാലങ്ങളിൽ പ്രചരിച്ചിരുന്നു. മണ്ണ്, ജലം, വെളിച്ചം, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങൾ കൊണ്ട് നിർമ്മിക്കപ്പെട്ടതാണ് പ്രപഞ്ചം എന്നു ഭാരതീയരും, അഗ്നി, ജലം, വായു, മണ്ണ് എന്നീ നാലു ഘടകങ്ങളാണു പ്രപഞ്ചത്തിൽ അടങ്ങിയിരിക്കുന്നതെന്ന് പാശ്ചാത്യരും വിശ്വസിച്ചിരുന്നു. ദൃശ്യമായ ലോകങ്ങൾ (See English Bible) അദൃശ്യമായവയെക്കൊണ്ടു നിർമ്മിക്കപ്പെട്ടുവെന്നു വിശ്വാസത്താൽ നാം അറിയുന്നു എന്നു എബ്രായർക്കു എഴുതിയ ലേഖനം 11-ാം അദ്ധ്യായം 3-ാം വാക്യത്തിൽ ലേഖനകർത്താവു രേഖപ്പെടുത്തിയിരിക്കുന്നു.

ഏതാണ്ട് 92 മൂലപദാർത്ഥങ്ങൾ (elements) കൊണ്ടു വസ്തുക്കളെല്ലാം നിർമ്മിക്കപ്പെട്ടിരിക്കുന്നു എന്ന് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഒരു മൂലപദാർത്ഥത്തിന്റെ ഏറ്റവും ചെറിയ ഭാഗമാണ് അതിന്റെ അണു അഥവാ ആറ്റം. ഒരു അണുവിന്റെ വ്യാസം ഏതാണ്ട് 1/25 കോടി ഇഞ്ചാണ്. ഭൂതക്കണ്ണാടിയുടെ സഹായം കൂടാതെ 1/100 ഇഞ്ചിനെക്കാൾ ചെറിയ പദാർത്ഥങ്ങളെ കാണുവാൻ കഴിയുകയില്ല. ഭൂതക്കണ്ണാടിയുടെ സഹായത്താൽ 1/100000 ഇഞ്ചു വലിപ്പമുള്ള പദാർത്ഥങ്ങളെ കാണുവാൻ കഴിഞ്ഞേക്കാം. അതിലും ചെറിയ വസ്തുക്കൾ എത്ര ശക്തിയേറിയ ഭൂതക്കണ്ണാടി ഉപയോഗിച്ചാലും ഗോചരമാവുകയില്ല. അതുകൊണ്ട് അണുക്കളെ കാണുവാൻ കഴിയുകയില്ല. അങ്ങനെ എബ്രായർ 11:3 സത്യമാണെന്നു ശാസ്ത്രം തെളിയിച്ചിരിക്കുന്നു.

(തുടരും)



# വേദാഭിമാനിയുടെ മറുപടി

***വേദപുസ്തകത്തിന്റെ ആധികാരികത തെളിയിക്കാനുള്ള തത്രപാടിൽ ആര്യന്മാരെ (ഇന്ത്യയിലെ ഭൂരിപക്ഷം വരുന്ന ജനതയെ) സെമിറ്റിക്കുകളുടെ തൊഴുത്തിൽ കെട്ടാൻ ശ്രമിച്ചതും ആര്യന്മാർ വിദേശികളാണെന്നുമുള്ള താങ്കളുടെ നിഗമനം ചരിത്രപരമായി നീതീകരിക്കാവുന്നതല്ല. അരാമ്യരെ ആര്യന്മാർ ആക്കിയപ്പോൾ അവരുടെ ഭാഷകൾ തമ്മിലുള്ള വൈജാത്യം താങ്കൾ ശ്രദ്ധിച്ചതേയില്ല. ചരിത്രപരമായി ഈ ഘടകത്തെ നിഷേധിച്ചുകൊണ്ട് രണ്ടു ജനതയെ എങ്ങനെ ഒന്നായി കാണാൻ കഴിയും.***

***–ആർ.രാജേഷ്, ഉദയഗിരി, എടമൺ, പുനലൂർ***

റഷ്യൻ ചരിത്രകാരന്മാരായ ബെർസിനും ഗ്രന്തോവ്സ്കിയും വേദകാലത്തെ ആര്യന്മാരുടെ മൂലകുടുംബം കോക്കസസ്സിനു വടക്കുള്ള പുൽമേടുകളാണെന്ന് അവകാശപ്പെടുന്നു. ബി.സി.രണ്ടാം സഹസ്രാബ്ദത്തിൽ അവരുടെ ഒരു സംഘം തെക്കുപടിഞ്ഞാറുള്ള സിറിയയും പലസ്തീനും വരെ എത്തിയിരുന്നുവെന്നും ചിലർക്കഭിപ്രായമുണ്ട്. ചരിത്രകാരനായ എച്ച്.ജി. വെൽസിന്റെ നിഗമനം കൂടി കാണുക.

"നാലായിരം വർഷത്തിനു മുമ്പ്, അതായത്, ക്രി.മു.രണ്ടായിരമാണ്ടിനടുത്ത് മധ്യയൂറോപ്പിലും തെക്കുകിഴക്കെ യൂറോപ്പിലും മധ്യേഷ്യയിലും ഇന്നത്തെക്കാളധികം ചൂടും നനവും വനസാന്ദ്രതയും ഉണ്ടായിരുന്നു. ഭൂമിയുടെ ഈ പ്രദേശങ്ങളിൽ നീലനയനങ്ങളോടുകൂടിയ, വെളുത്ത നോർഡിക്ക് വംശത്തിൽ പെട്ട, ചില അവാന്തരവർഗങ്ങൾ അലഞ്ഞുനടന്നിരുന്നു. ഈ വ്യത്യസ്ത വർഗങ്ങൾക്ക് പരസ്പര ബന്ധമുണ്ടായിരുന്നതിനാൽ റെയിൻനദി തൊട്ട് കാസ്പിയൻ സമുദ്രം വരെയുള്ള പ്രദേശങ്ങളിലെല്ലാം അവർ ഒരേ ഭാഷയുടെ വിവിധ രൂപങ്ങളാണ് സംസാരിച്ചിരുന്നത്... അവർ വന്യഭൂമികളിലും ഉടജാന്തികങ്ങളിലും വസിച്ചിരുന്ന ഒരു വർഗമാണ്. അവർക്ക് ആദ്യം കുതിരകളുണ്ടായിരുന്നില്ല. കന്നുകാലികളേ ഉണ്ടായിരുന്നുള്ളു. തങ്ങളുടെ പ്രധാന നേതാക്കന്മാർ മരിച്ചാൽ ആ ശവങ്ങൾ അവർ ദഹിപ്പിക്കുകയും ഭസ്മാവശിഷ്ടങ്ങൾ പാത്രങ്ങളിൽ നിക്ഷേപിക്കുകയും അവയ്ക്കു ചുറ്റും വൃത്താകൃതിയിൽ മണ്ണുകൊണ്ട് വലിയ കൂമ്പാരങ്ങൾ പടുത്തുകെട്ടുകയും ചെയ്തുവന്നു. ഈ ആര്യന്മാർ കാളകളെ പൂട്ടി, നിലമുഴുത് ഗോതമ്പ് കൃഷി ചെയ്തു."



ഇങ്ങനെ വ്യത്യസ്താഭിപ്രായങ്ങളാണ് ഇൻഡോ–ആര്യന്മാരുടെ മൂലതറവാട് സംബന്ധിച്ച് നമുക്ക് കാണാൻ കഴിയുന്നത്. ഏതായാലും അവരുടെ മൂലതറവാട് ഇന്ത്യയാണെന്ന അഭിപ്രായം ഇവർക്കാർക്കുമില്ല. ഇന്ത്യയല്ലെന്ന കാര്യത്തിൽ അവർ ഏകോപിക്കുന്നു. പിന്നെ എവിടെയായിരുന്നുവെന്ന വിഷയത്തിലാണ് ഭിന്നാഭിപ്രായം. ഈ അഭിപ്രായവ്യത്യാസത്തിനു പല കാരണങ്ങളുണ്ടാവാം. ഭാഷാഗവേഷകരുടെ നിഗമനങ്ങളാണ് ഒരു പ്രധാന കാരണമെന്നു തോന്നുന്നു. മേൽ പ്രസ്താവിച്ച പ്രദേശക്കാർ സംസാരിക്കുന്ന ഭാഷകളും വൈദിക ഭാഷയും തമ്മിൽ സാജാത്യം കാണുകയുണ്ടായി. അതിനാൽ അവർക്കും ഇൻഡോ–ആര്യന്മാർക്കും ഏതോ കാലത്ത് പരസ്പര ബന്ധമുണ്ടായിരുന്നുവെന്നു ഗവേഷകർ തീരുമാനിച്ചു. ഈജിപ്തിനെ ആക്രമിച്ചു കീഴടക്കി, കുറേകാലം ഭരണം നടത്തിയ സെമിറ്റിക്കുകാരെ ഈജിപ്തുകാർ 'ഹെക്സോസ്' (ഇടയരാജാക്കന്മാർ) എന്ന പരിഹാസപ്പേരിൽ വിളിച്ചുവന്നതും ചരിത്രപ്രസിദ്ധമാണ്. ചുരുക്കത്തിൽ സെമിറ്റിക്കുകളും ആര്യന്മാരും ഇടയന്മാരായിരുന്നുവെന്ന കാര്യം വളരെ വ്യക്തമാണ്.

ആദി ആര്യന്മാർ സ്ഥിരവാസികളായിരുന്നില്ല; ഊരുചുറ്റികളായിരുന്നു. സെമിറ്റിക്കുകാരുടെ സ്ഥിതിയും അങ്ങനെതന്നെയായിരുന്നു.

ആകയാൽ ഇടയത്വം, നാടുചുറ്റിത്തിരിയൽ എന്നീ സമ്പ്രദായങ്ങളിൽ സെമിറ്റിക്കുകാരും ആദി ആര്യന്മാരും യോജിക്കുന്നു. ഇക്കാരണങ്ങളാലാണ് ആര്യന്മാരും സെമിറ്റിക്ക് വർഗത്തിൽ പെട്ടവരായിരിക്കാമെന്ന് നാം വിചാരിക്കുന്നത്.

സെമിറ്റിക്കുകാർ ഒരു ഘട്ടത്തിൽ പുരാതനനാഗരിക കേന്ദ്രങ്ങൾ ആക്രമിച്ചുകീഴടക്കിയിരുന്നതായി ചരിത്രരേഖകൾ തെളിയിച്ചിട്ടുണ്ട്. ഉദാഹരണമായി ബാബിലോണിയ, അസ്സീരിയ, കാൽഡിയ, സിറിയ, ഈജിപ്ത്, ഇറാൻ, ഫിനീഷ്യ, കാർത്തേജ്, സ്പെയിൻ, ഗ്രീക്ക്, ക്രീറ്റ് മുതലായ നഗരരാഷ്ട്രങ്ങളെല്ലാം അവരുടെ അധീനത്തിൽ വന്നിട്ടുണ്ടായിരുന്നു. അതുപോലെ ഭാരതത്തിലും അവർ കുടിയേറി. ഇവിടത്തെ ആദിവാസികളെ ആക്രമിച്ചുകീഴടക്കിയെന്നു വിചാരിക്കുന്നതിൽ തെറ്റൊന്നുമില്ല.

സെമിറ്റിക്ക് ഭാഷകളും ആര്യഭാഷകളും തമ്മിൽ ചേർച്ചയില്ലെന്നാണ് പറയപ്പെടുന്നത്. വാസ്തവത്തിൽ ഭാഷാവൈജാത്യമുണ്ടെന്ന കാര്യം വേണ്ടത്ര തെളിഞ്ഞിട്ടില്ല. വാദത്തിനുവേണ്ടി അതു സമ്മതിച്ചാൽ തന്നെ അതുകൊണ്ട് ഒരു കാര്യമേ വരികയുള്ളൂ–സെമിറ്റിക്ക് ഭാഷകളും ആര്യൻ ഭാഷകളും തമ്മിൽ വേർതിരിഞ്ഞത് സഹസ്രാബ്ദങ്ങൾക്ക് മുമ്പാണെന്ന കാര്യം.

സെമിറ്റിക്ക് വംശത്തിന്റെ ഉത്ഭവം സഹസ്രാബ്ദങ്ങൾക്കു മുമ്പാണെന്നു തീർച്ചയാണ്. ബൈബിളിലെ വംശാവലിയനുസരിച്ചു നോഹയുടെ പുത്രനായ ശേമിന്റെ പിൻമുറക്കാരാണ് സെമിറ്റിക്കുകാർ. ആകയാൽ ഏഴായിരമോ എണ്ണായിരമോ വർഷങ്ങളുടെ കാലപ്പഴക്കം കല്പിക്കാം ആ വംശത്തിന്റെ ഉല്പത്തിക്ക്. ഇങ്ങനെയുള്ള ഒരു വംശത്തിൽ നിന്ന് ഭാഗം പിരിഞ്ഞുവന്ന ആര്യന്മാരുടെ ഭാഷകളും ഇതര സെമിറ്റിക്ക് ജനപദങ്ങളുടെ ഭാഷകളും തമ്മിൽ സാജാത്യം കാണുന്നില്ലെങ്കിൽ അതിലൊട്ടും ആശ്ചര്യപ്പെടാനില്ല. ഒരച്ഛനിൽനിന്നും ഒരമ്മയിൽ നിന്നും ജനിച്ച സന്തതികളാണല്ലോ യഥാർത്ഥത്തിൽ മനുഷ്യവംശം. അവർ തമ്മിൽ എത്രയെത്ര അന്തരമാണ് നാം ഇന്നു കാണുന്നത്. ഇതെല്ലാം കാലപ്പഴക്കം വരുത്തിവച്ചതാണ്. കാലപ്പഴക്കം ഏറുംതോറും വംശങ്ങളുടെ അകൽച്ചയും പൊരുത്തക്കേടും വർധിക്കുമെന്ന വസ്തുത പ്രത്യേകം പരിഗണിക്കേണ്ടതാണ്. ഇത്തരുണത്തിൽ ഉത്പത്തിപുസ്തകത്തിലെ ഒരു ഭാഗം ഇവിടെ സംക്ഷേപിക്കുന്നത് സന്ദർഭോചിതമായിരിക്കും.

"ഭൂമിയിൽ ഒക്കെയും ഒരേ ഭാഷയും ഒരേ വാക്കുമായിരുന്നു. എന്നാൽ അവർ കിഴക്കോട്ടു യാത്ര ചെയ്തു, ശീനാർ ദേശത്ത് ഒരു സമഭൂമി കണ്ടു. അവിടെ കുടിയിരുന്നു... യഹോവ, 'ഇതാ ജനം ഒന്ന്, അവർക്കെല്ലാവർക്കും ഭാഷയും ഒന്ന്... അവർ ചെയ്‌വാൻ നിരൂപിക്കുന്നതൊന്നും അവർക്കസാധ്യമാകുകയില്ല; വരുവിൻ, നാം ഇറങ്ങിച്ചെന്നു, അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളക' എന്നു അരുളിച്ചെയ്തു. അങ്ങനെ യഹോവ അവരെ അവിടെനിന്നു ഭൂതലമെങ്ങും ചിന്നിച്ചു... സർവ്വഭൂമിയിലെ ഭാഷയും യഹോവ അവിടെവച്ചു കലക്കിക്കളകയാൽ അതിനു ബാബേൽ എന്നു പേരായി; യഹോവ അവരെ അവിടെനിന്നു ഭൂതലത്തിലെങ്ങും ചിന്നിച്ചു കളഞ്ഞു."

ഇത് ഒരു കഥയോ, ഭാവനയോ ആയി തള്ളിക്കളയാൻ കഴിയില്ല. ഇതിൽ ഒരു വസ്തുത അവശേഷിക്കുന്നു. മനുഷ്യരെല്ലാം ആദിയിൽ ഒരേ വംശവും ഒരേ ഭാഷ സംസാരിക്കുന്നവരുമായിരുന്നു. ഒരേ ഭൂഖണ്ഡത്തിലാണ് അവർ താമസിച്ചിരുന്നത്, ഏതാണ്ടിതേ സിദ്ധാന്തമാണ് ആധുനിക നരവംശശാസ്ത്രജ്ഞന്മാർക്കുള്ളത്. അവരെ ഉദ്ധരിച്ചു ശ്രീ.കെ.വി.ഗോപാലമേനോൻ തന്റെ ലോകചരിത്രത്തിൽ എഴുതുന്നു:



"വാസ്തവത്തിൽ മനുഷ്യരെല്ലാവരും ഒരേ വർഗത്തിൽ പെട്ടവരാകുന്നു. എല്ലാ വർഗങ്ങൾക്കും ജാതികൾക്കും ബുദ്ധിയും കഴിവും സാമർഥ്യവും സാമാന്യേന സമമാണ്."

ഭാഷകളെ സംബന്ധിച്ചു അദ്ദേഹം പറയുന്നു.

"ഇന്നു നാം ഭാഷകളിൽകാണുന്ന നിരവധി വാക്കുകൾ ചുരുക്കം ചില ധാതുക്കളിൽനിന്നുത്ഭവിച്ചു രൂപാന്തരപ്പെട്ടതാണെന്ന് പാണിനി പണ്ടുതന്നെ നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. പാണിനി കാണിച്ചുകൊടുത്ത ഈ വഴിയിൽക്കൂടി സഞ്ചരിച്ചാണ് ഭാഷാശാസ്ത്രജ്ഞന്മാർ ഭാഷകളുടെ അന്യോന്യബന്ധം മനസ്സിലാക്കിയത്."

അപ്പോൾ ആദിയിൽ മനുഷ്യവംശവും അവർ സംസാരിച്ച ഭാഷയും ഒന്നായിരുന്നുവെന്ന പക്ഷത്തേക്ക് തന്നെയാണ് ആധുനിക ഗവേഷണത്തിന്റെയും ഗതിയെന്ന് മനസ്സിലാക്കാം. ഈ സിദ്ധാന്തമനുസരിച്ചു നോക്കുമ്പോൾ ഇന്നു നാം കാണുന്ന ഭാഷാവൈവിധ്യം കാലപ്പഴക്കത്തിന്റെ സൃഷ്ടിയാണ്. കാലപ്പഴക്കം കൂടുംതോറും വൈവിധ്യവും വൈജാത്യവും വർധിച്ചുകൊണ്ടിരിക്കും. ആകയാൽ സെമിറ്റിക്ക് ഭാഷകളും ആര്യൻ ഭാഷകളും തമ്മിലുള്ള അകൽച്ചമൂലം ആര്യവർഗ്ഗങ്ങൾ സെമിറ്റിക്കുകളല്ലെന്ന വാദം അസ്ഥാനത്താകുന്നു.

This is The Word of God
Visit us:
www.vedabhimani.com

VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

Published on 1st February 2015
Posted on 15th February 2015
Posted at R.M.S. Kayamkulam



# അചഞ്ചലമായ വിശ്വാസവും അതിമഹത്തായ ആരംഭവും

ഒരു തത്വചിന്തകൻ സുഹൃത്തായ ചിത്രകാരനോട് ഒരിക്കൽ ഇങ്ങനെ ആവശ്യപ്പെട്ടു: ജീവിതത്തിലെ യഥാർത്ഥ സന്തോഷം പകർത്തുന്ന ഒരു ചിത്രം നിങ്ങൾ എനിക്കു വരച്ചു തരണം.

ചിത്രകാരൻ സമ്മതിച്ചു. തന്റെ ജോലിയിൽ അയാൾ വ്യാപൃതനായി. ദിവസങ്ങൾ കഴിഞ്ഞു. പൂർത്തിയാക്കിയ ചിത്രവുമായി അയാൾ തത്വചിന്തകനെ സമീപിച്ചു. നവമിഥുനങ്ങൾ പ്രകൃതിരമണീയമായ ഉദ്യാനത്തിൽ ഉല്ലസിച്ച് സംസാരിച്ചു കൊണ്ടിരിക്കുന്നതായിരുന്നു ചിത്രം. തത്വചിന്തകൻ ആ ചിത്രത്തിൽ സംതൃപ്തനായില്ല.

രണ്ടാമത് ഒന്നുകൂടി അയാൾ വരപ്പിച്ചു. പാർക്കിൽ ഒരു ഭാര്യയും ഭർത്താവും സംസാരിക്കുന്നു; അവരുടെ കുഞ്ഞുങ്ങൾ അവിടെ ഓടിക്കളിക്കുന്നു.

അതും തത്വചിന്തകന് തൃപ്തിയായില്ല. മൂന്നാമതൊന്നുകൂടി വരയ്ക്കുവാൻ അയാൾ ആവശ്യപ്പെട്ടു.

ഈ പ്രാവശ്യം വ്യത്യസ്തമായ ആശയം അടങ്ങിയ ഒരു ചിത്രമാണ് ചിത്രകാരൻ വരച്ചത്. പ്രസിദ്ധമായ നയാഗ്ര വെള്ളച്ചാട്ടം, അതിന്റെ ഒരു വശത്തായി ഒരു ചെറിയ വൃക്ഷം നിൽക്കുന്നു. അതിശക്തമായ വെള്ളപ്പാച്ചിലിന്റെ ഏറ്റക്കുറവിൽ അത് ആടി ഉലയുന്നു. ഒരു മീവൽപക്ഷി അതിൽ കൂടുകെട്ടിയിട്ടുണ്ട്. ആ കൂട്ടിലേക്കു അത് നിർഭയം, സന്തോഷത്തോടെ, പറന്നുവരുന്നു (മീവൽപക്ഷി ഒരു സ്ഥലത്തുതന്നെ സ്ഥിരമായി താമസിക്കാതെ ദേശാടനം ചെയ്യുന്ന പക്ഷിയാണ്).

ഈ ചിത്രം കണ്ടശേഷം തത്വചിന്തകൻ ഇപ്രകാരം പറഞ്ഞു: ജീവിതത്തിൽ ഭയം വെടിഞ്ഞ് സന്തോഷത്തോടെ ജീവിക്കുന്ന ഈ പക്ഷിയെ നോക്കുക. ഈ മരം എപ്പോൾ വേണമെങ്കിലും പിഴുതുപോകാം. എങ്കിലും വിശ്വാസത്തോടെ, എപ്പോൾ വേണമെങ്കിലും പറന്നുയരാം എന്ന ചിന്തയോടും ധൈര്യത്തോടും കൂടി അലറിയാർക്കുന്ന വെള്ളച്ചാട്ടത്തിന്റെ മുമ്പിൽ അത് എത്ര നല്ല ഉല്ലാസ ജീവിതം നയിക്കുന്നു.

ഹിറ്റ്ലർക്കെതിരെ പ്രസംഗിച്ചതിന് ബോൺഹോഫർ എന്ന ജർമ്മൻ വൈദികനെ നാസി പടയാളികൾ വെടിവെച്ചു കൊല്ലുന്നതിനു നടത്തിക്കൊണ്ടു പോകുമ്പോൾ അദ്ദേഹം പറഞ്ഞതിങ്ങനെ: നിങ്ങളുടെ കാഴ്ചയിൽ ഇത് ഒരു അന്ത്യം. എന്നാൽ എനിക്കാകട്ടെ ഈ മരണം അതിമഹത്തായ ഒരു ആരംഭമാണ്.

അചഞ്ചലമായ വിശ്വാസവും പ്രത്യാശയും ഉണ്ടാകുമ്പോൾ മരണത്തെപ്പോലും പുഞ്ചിരിയോടെ നേരിടുവാൻ കഴിയും.

എവിടെനിന്ന് വന്നുവോ അവിടേക്കുതന്നെ തിരിച്ചു പോകും എന്ന തത്ത്വം ഗ്രഹിച്ചവൻ മരണഭയത്തിൽ നിന്ന് വിമുക്തനാകുന്നു. തിരിച്ചുപോക്കിന്റെ തത്ത്വം കൃത്യമായി അറിയുന്നവനു ജീവിതത്തെപ്പറ്റിയോ, ജീവിതാന്ത്യത്തെക്കുറിച്ചോ, മരണഭയം എന്ന അറിവില്ലായ്മയെക്കുറിച്ചോ യാതൊരു വ്യാകുലതയോ ഭയമോ ഒരിക്കലും ഉണ്ടാവുകയില്ല.



# കഷ്ടതകൾ പുതിയ വെളിച്ചത്തിൽ

"ദൈവം മനുഷ്യരെ സ്നേഹിക്കുന്നവനാണെങ്കിൽ അവിടുന്ന് എന്തിനാണ് ഈ കഷ്ടതകൾ നമുക്കു തരുന്നത്?"

ആശുപത്രി വരാന്തയിലൂടെ ചക്രക്കസേരയിൽ സഞ്ചരിച്ചുകൊണ്ടിരുന്ന ഒരു ദൈവഭൃത്യനോട് എതിരേ ചക്രക്കസേരയിൽ വന്ന ഒരു വനിത ചോദിച്ചു.

ആശുപത്രിയിലെ ചികിത്സകൊണ്ടു ദൈവഭൃത്യന്റെ അസുഖം ഏറെക്കുറെ മാറിയിരുന്നു. വീൽച്ചെയറിൽ അദ്ദേഹത്തിന് അങ്ങോട്ടുമിങ്ങോട്ടും നീങ്ങാം. അതേസമയം ആ വനിത ദീർഘനാളുകളായി ആശുപത്രിയിൽ കഴിയുന്നു. നടക്കാൻ കഴിയില്ല. വീൽച്ചെയറാണു ശരണം.

ദൈവം സ്നേഹമാണെങ്കിൽ എന്തിനെന്നെ ഇങ്ങനെ കഷ്ടപ്പെടുത്തി രസിക്കുന്നു? സഹനത്തിന്റെ നെല്ലിപ്പലകയിൽ നിന്നുകൊണ്ടുള്ള അവരുടെ ചോദ്യത്തിന്റെ അർത്ഥമതാണ്. ആ ചോദ്യത്തിൽ ദൈവത്തോടുള്ള കയ്പും വെറുപ്പും നിറഞ്ഞുനിന്നിരുന്നു.

"ആട്ടെ, നിങ്ങൾ കഷ്ടത യാഥാർത്ഥ്യമാണെന്നു വിശ്വസിക്കുന്നുണ്ടോ?" ദൈവഭൃത്യൻ ചോദിച്ചു.

"ഇതെന്തൊരു ചോദ്യം? കഷ്ടത പിന്നെ തോന്നലാണോ? ഞാൻ തന്നെ എത്രയോ മാസങ്ങളായി വിവിധതരത്തിൽ കഷ്ടപ്പെടുന്നു". സ്ത്രീ തിരിച്ചടിച്ചു.

ശരി, കഷ്ടത യഥാർത്ഥത്തിലുള്ളതാണെന്നു നാമിരുവരും സമ്മതിക്കുന്നു. ഞാൻ അടുത്ത ചോദ്യം ചോദിക്കട്ടെ. കഷ്ടത സഹിക്കാതിരിക്കുവാൻ നമുക്കു കഴിയുമോ? അല്ലെങ്കിൽ ഇങ്ങനെ ചോദിക്കട്ടെ: കഷ്ടത ഒഴിവാക്കുവാൻ നമ്മെക്കൊണ്ടു സാധിക്കുമോ?" – ദൈവഭൃത്യന്റെ ചോദ്യം.

"ഇല്ല. തീർച്ചയായും സാധിക്കുകയില്ല"

"ശരി, എങ്കിൽ മൂന്നാമത്തെ ചോദ്യം. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കാതിരിക്കുമ്പോൾ വേദന സഹിക്കുവാൻ കൂടുതൽ കഴിവു ലഭിക്കുന്നുണ്ടോ?"

ഈ ചോദ്യം അവരുടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങി. ശരിയല്ലേ? കഷ്ടതയും വേദനയും ജീവിതത്തിൽ ഒഴിവാക്കാൻ കഴിയുകയില്ലെങ്കിൽ സ്നേഹവാനായ ഒരു ദൈവം നമ്മുടെ ആത്യന്തിക നന്മയ്ക്കായി അത് അനുവദിച്ചതാണെന്നു വിശ്വസിക്കുന്നതല്ലേ സഹനത്തെ എളുപ്പമാക്കുന്നത്? ആ ദൈവത്തിലുള്ള വിശ്വാസത്താൽ ആശ്വാസം പ്രാപിക്കുന്നതല്ലേ ഉത്തമം? ആ സ്ത്രീയുടെ കണ്ണുകൾ നിറഞ്ഞു. കഷ്ടങ്ങളെ പുതിയ ഒരു വെളിച്ചത്തിൽ അവർ കാണുവാൻ തുടങ്ങി. സ്നേഹവാനായ ദൈവത്തിലുള്ള വിശ്വാസം അവരുടെ സഹനത്തിനു പുതിയ ഒരു മാനം നൽകി.

പൗലോസ് ചോദിക്കുന്നു: "ആരാണു ദൈവത്തിന്റെ സ്നേഹത്തിൽ നിന്ന് എന്നെ വേർപിരിക്കുന്നത്? ദുരിതമോ, വേദനയോ, പീഡനമോ, പട്ടിണിയോ, അപകടമോ, വാളോ?"

ഇവയൊന്നും ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചുള്ള വിശ്വാസത്തിൽ നിന്നു നമ്മെ വേർപിരിക്കാതിരിക്കട്ടെ.



## ഡയ്ലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ദൈവസഭയ്ക്ക് നാണക്കേടുണ്ടാക്കുന്ന ശുശ്രൂഷകന്മാരും നേതൃത്വവും അവരെ താങ്ങി നടത്തുന്ന വിശ്വാസ സമൂഹവും... ഇതിനൊരറുതി എന്നുണ്ടാകും.

*സിബി കുര്യൻ, തലക്കോട്, കോതമംഗലം, എറണാകുളം*

☹**നാണംകെട്ട് പണവും പദവിയും നേടുന്നവരെ ആദരിക്കുന്ന നാണംകെട്ട സമൂഹം ഇവിടെ ഉള്ളിടത്തോളം കാലം ഈ നാണക്കേട് തുടരും.**

☺കൃപാവരപ്രാപ്തരുടെ നയം എന്താണെന്ന് ഒരു രൂപവും കിട്ടുന്നില്ല.

*സാജൻ വർഗ്ഗീസ്, മേക്കൊഴൂർ, മൈലപ്രാ, പത്തനംതിട്ട*

☹**രൂപം കിട്ടുന്നതിലല്ല. എങ്ങനെയും രൂപാ കിട്ടുക എന്നതുമാത്രമാണ് അവരുടെ നയം.**

☺ഹവ്വയെ വഞ്ചിച്ചതുപോലെ സാത്താൻ ഇപ്പോഴും നേരിട്ട് ജനത്തെ വഞ്ചിക്കുന്നുണ്ടോ.

*ബാബുരാജ്, കുറ്റമല, അമ്പൂരി, വെള്ളറട*

☹**ഡപ്യൂട്ടേഷനിൽ ആ ജോലി ഇവിടുത്തെ അനുഗ്രഹ–അത്ഭുതവീരന്മാർ ചെയ്യുന്നുണ്ട്.**

☺ പാവപ്പെട്ട വിശ്വാസികളെ കൊള്ളയടിക്കുന്ന നേതാക്കന്മാരെ കള്ളന്മാർ എന്നു വിളിക്കുന്നതിൽ എന്താണ് തെറ്റ്.

*ഷാനി അഗസ്റ്റിൻ, ഒഴുവൻപാറ, കാരിക്കുളം, റാന്നി.*

☹ **അവരെ കള്ളന്മാർ, കൊള്ളക്കാർ എന്നൊക്കെ വിളിക്കുന്നത് പാപമാണ്. പകരം അത്ഭുതം, രോഗശാന്തി, പ്രവചനം ദൈവം ഇവ ഉപയോഗിച്ച് വ്യത്യസ്തരീതിയിൽ പണം സമ്പാദിക്കുന്നവർ എന്നേ വിളിയ്ക്കാവൂ.**

☺നൂറു ബയണറ്റുകളേക്കാൾ ശക്തമാണ് നാലു പത്രങ്ങൾ എന്ന് മഹാനായ നെപ്പോളിയൻ ബോണപ്പാർട്ട് പറഞ്ഞിട്ടുണ്ട്. ഈ വാക്കുകൾ അന്വർത്ഥമാക്കുന്ന തരത്തിൽ വേദാഭിമാനി വളർന്നുകഴിഞ്ഞു എന്നു പറഞ്ഞാൽ.

*വിജയൻ വെട്ടത്തോട്, ഓമല്ലൂർ പുത്തൻപീടിക, പത്തനംതിട്ട.*

☹ **വരിസംഖ്യ അയച്ചുതന്നില്ലെങ്കിലും ദൈവം നിങ്ങളെ അനുഗ്രഹിക്കും.**




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew